Bulletin

Irinjalakuda Diocese

2021 MARCH

I Vol. 08 I Issue : 03



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"

(മത്തായി 25 : 40)

"എന്റെ കർത്താവേ എന്റെ ദൈവമേ"

(യോഹന്നാൻ 20:28)

Best Compliments from...

SAHRDAYA
GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

SAHRDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

COURSES OFFERED:

UG Courses : BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

PG Courses : MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

SAHRDAYA-*tech*

Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

COURSES OFFERED:

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

SAHRDAYA
COLLEGE OF ADVANCED STUDIES

P. B. NO. 18, KODAKARA, THRISSUR, 680684.
scasadmission@gmail.com; info@sahrdayacas.ac.in

www.sahrdayacas.ac.in

Apply Online

ADMISSION ENQUIRY

9400063194
9400063195
4802713713
9497233713
8301089784

UG & PG COURSES OFFERED

B.Com Professional, B.Com Finance, B.Com Taxation, B.Com Banking, B.Com Computer Application, BBA Finance, B.A English, B.A Malayalam, B.Sc Physics, B.Sc Chemistry, B.Sc Mathematics, B.Sc Psychology, B.Sc Geology, B.Sc Computer Science, BCA, M.Sc Psychology, M.Sc Clinical Psychology, M.Sc Computer Science, M.Com Finance, M.A English.

VALUE ADDED PROFESSIONAL PROGRAMMES

CA, ACCA(UK), CPA(USA), CMA(USA), FINTECH(USA), CMA(INDIA), CS, AVIATION MANAGEMENT(IATA), CAT.

LEARN LEAD SERVE

SAHRDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

MBA @ SIMS COURSES OFFERED:

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

Bulletin
Irinjalakuda Diocese

MY LORD, MY GOD

MARCH 2021
Vol.: 08 Issue: 03

Address:
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

Phone:
0480 2826820
0480 2826830

Website & E-mail:
www.irinjalakudadiocese.com
ijkbph@gmail.com

Subscription:
Monthly : ₹ 20.00
Annual : ₹ 200.00

ഉള്ളടക്കം

ഇടയശബ്ദം	05
നോമ്പുകാല സന്ദേശം - ഫ്രാൻസിസ് പാപ്പ	09
കച്ചേരികാര്യങ്ങൾ	15
കനകമല കുരിശുമുടി തീർത്ഥാടനം	22
വൈദിക-സമർപ്പിത ഡയറക്ടറി	23
അനുസ്മരണദിനങ്ങൾ	24
ആദരാഞ്ജലികൾ	25
സെന്റ് പോൾ മൈനർ സെമിനാരി	25
മതബോധനം	26
പാക്സ്	29
ബ്ലസ് എ ഹോം	30
സോഷ്യൽ ആക്ഷൻ	31
ഫ്രാൻസിസ്കൻ അത്മായ സഭ	33
ബൈബിൾ അപ്പസ്തോലേറ്റ്	34
സ്പിരിച്വാലിറ്റി സെന്റർ	35
കെ.സി.എസ്.എൽ.	36
അവാർഡ്	37
ഇടയന്റെ ഇന്നലെകൾ	39

Statement about ownership and other particulars of BULLETIN IRINJALAKUDA DIOCESE, Form IV - (Rule 8)

1. Place of publication	BISHOP'S HOUSE, IRINJALAKUDA, P.B. No. 59, P.O. IRINJALAKUDA - 680 121 THRISSUR Dist. KERALA
2. Periodicity of its publication	MONTHLY
3. Printer's Name	MSGR.SEBASTIAN MALIEKAL
Whether a citizen of India?	Yes
If a foreigner, state the country of origin	Not Applicable
Address	BISHOP'S HOUSE, IRINJALAKUDA, P.B. No. 59 , P.O. IRINJALAKUDA - 680 121 THRISSUR Dist. KERALA
4. Publisher's Name	MSGR.SEBASTIAN MALIEKAL
Whether a citizen of India?	Yes
If a foreigner, state the country of origin	Not Applicable
Address	BISHOP'S HOUSE, IRINJALAKUDA, P.B. No. 59 P.O. IRINJALAKUDA - 680 121 THRISSUR Dist. KERALA
5. Editor's Name	FR. NEVIN ATTOKARAN
Whether a citizen of India?	Yes
if a foreigner, state the country of origin	Not Applicable
Address	BISHOP'S HOUSE, IRINJALAKUDA, P.B.No.59 P.O. IRINJALAKUDA - 680 121 THRISSUR Dist. KERALA
6. Name and Address of the Owner	MAR PAULY KANNOOKADAN BISHOP OF IRINJALAKUDA DIOCESE BISHOP'S HOUSE, IRINJALAKUDA, P.B.No. 59 P.O. IRINJALAKUDA - 680 121 THRISSUR Dist. KERALA

I, Msgr. Sebastian Maliekal, hereby declare that the particulars given above are true to the best of my knowledge and belief.

Date: 23. 02. 2021

Msgr. Sebastian Maliekal,
Publisher
lrinjalakuda Diocesan Bulletin

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, അത്മായ സഹോദരരേ,

നോമ്പിന്റെ ചൈതന്യത്തിൽ വിശുദ്ധവാരത്തിന് ഒരുങ്ങികൊണ്ടിരിക്കുന്ന ഏവർക്കും ആശംസകൾ. കുരിശിലെ ബലി വഴി നമുക്ക് നിത്യ ജീവൻ നേടിതന്ന ക്രിസ്തുവിന്റെ കാൽപാടുകളെ പിഞ്ചെല്ലുകയാണല്ലോ ഈ നോമ്പുകാലത്ത് നാം ചെയ്യുന്നത്. ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ ജീവന്റെ മൂല്യത്തിന് പ്രാധാന്യം നൽകാത്ത ഒരു സംസ്കാരം സൃഷ്ടിക്കപ്പെടുന്നുണ്ട്. പത്ര തലക്കെട്ടുകളിൽ നിറയുന്ന കൊലപാതകത്തിന്റെയും ആത്മഹത്യയുടെയും വാർത്തകൾ ഈ ഒരു സാഹചര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. കുടുംബാംസൂത്രണത്തിന്റെ പേരിൽ കുഞ്ഞുങ്ങളുടെ എണ്ണം കുറക്കുന്നതും ഭ്രൂണഹത്യകളിൽ അഭയം തേടുന്നതും ജീവസംസ്കാരത്തിന് വിരുദ്ധമായ ചിന്തകളാണ്. ഇത്തരുണത്തിൽ ജീവന്റെ മൂല്യത്തെ കുറിച്ച് ചിന്തിക്കേണ്ടതും അതിനനുസൃതമായി കാഴ്ചപ്പാടുകൾ സ്വന്തമാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ *'ഇവാൻജലിയും വീത്തേ'* (ജീവന്റെ സുവിശേഷം)എന്ന ചാക്രികലേഖനത്തിലെ വാക്കുകൾ ശ്രദ്ധേയമാണ്. 'ജീവന്റെ സുവിശേഷം' യേശുവിന്റെ സന്ദേശത്തിന്റെ കാതലാണ്. സഭ സ്നേഹത്തോടുകൂടി സ്വീകരിച്ച ആ സന്ദേശം എക്കാലത്തെയും സകല സംസ്കാരങ്ങളിലെ മനുഷ്യർക്കുള്ള സദ്വാർത്തയായി ധീരതയാർന്ന വിശ്വാസത്തോടുകൂടി പ്രഘോഷിക്കപ്പെടണം.

ഭൂമി മുഴുവൻ ജീവസമൃദ്ധമാണ്. സസ്യങ്ങളിലും മൃഗങ്ങളിലും എന്നുമാത്രമല്ല നമ്മുടെ കണ്ണിന്റെ കാഴ്ചക്കപ്പുറം ജലത്തിലും മണ്ണിലും വായുവിലും ജീവന്റെ തുടിപ്പ് നിറഞ്ഞുനിൽക്കുന്നു. മനുഷ്യന്റെ അന്വേഷണങ്ങളും ശാസ്ത്രത്തിന്റെ പരീക്ഷണങ്ങളും ജീവനെ കേന്ദ്രീകരിച്ചാണ്. 2011 ൽ ജൂണോ എന്ന ഉപഗ്രഹം വ്യാഴത്തിലേക്ക് അയച്ചതിന്റെ ഒരു സുപ്രധാന ലക്ഷ്യം ആ ഗ്രഹത്തിൽ ജീവന്റെ സാധ്യതകൾ ഉണ്ടോ എന്ന് കണ്ടെത്തുകയാണ്. ബിഗ് ബാൻഗ് തിയറിയും ക്വാണ്ടം മെക്കാ

നിക്സും വിശദീകരിക്കുന്നത് പ്രപഞ്ചോത്പത്തിയും ജീവന്റെ ആരംഭവും കണ്ടെത്തുന്നതിനുള്ള പരിശ്രമമാണ്. ആരോഗ്യരംഗത്ത് കൊറോണയെന്ന വിപത്തിനെതിരെ വാക്സിൻ കണ്ടെത്തി വിജയിപ്പിക്കുന്നതിനുള്ള തീവ്രശ്രമം നടക്കുന്നത് ആ രോഗത്തിൽനിന്ന് സംരക്ഷിച്ച് മനുഷ്യജീവൻ നിലനിർത്താൻ വേണ്ടിയാണ്. ഒരിടത്ത് മനുഷ്യജീവന്റെ ആരംഭത്തെകുറിച്ച് ഇപ്രകാരം അന്വേഷിക്കുകയും അതിന്റെ സംരക്ഷണത്തിന് തീവ്രമായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ മറുഭാഗത്ത് ജീവൻ നശിപ്പിക്കാനും അതിന്റെ മൂല്യം കുറച്ച് കാട്ടാനും ശ്രമിക്കുന്നത് വിരോധാഭാസമാണ്. പ്രപഞ്ചം നമ്മെ ഓർമ്മിപ്പിക്കുന്നത് ജീവൻ ദൈവദാനമാണെന്നും അത് സംരക്ഷിക്കാനുള്ള കടമ നമുക്കുണ്ടെന്നുമാണ്.

വിശുദ്ധ ഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നതും ജീവന്റെ മൂല്യത്തെകുറിച്ചാണ്. ജീവിക്കുന്നവനും ജീവന്റെ ദാതാവും ജീവന്റെ പൂർണ്ണതയിലേക്ക് സകലത്തെയും നയിക്കുന്നവനുമായിട്ടാണ് ദൈവത്തെ വിശുദ്ധ ഗ്രന്ഥം വരച്ച് കാട്ടുന്നത്. ''ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു.''(ഉത്പ. 2: 7) ദൈവമാണ് ജീവന്റെ സ്രോതസ്സ്. അവിടുത്തെ ശ്വാസമാണ് നമ്മുടെ ജീവൻ. ആ ജീവൻ മനുഷ്യൻതന്നെ നശിപ്പിക്കുന്നതിന്റെ പ്രതീകമാണ് കായേൻ ചെയ്യുന്ന സഹോദരഹത്യ. എന്നാൽ ജീവസംരക്ഷകനായ ദൈവം കായേനോട് കരുണ കാണിക്കുകയും അവൻ വധിക്കപ്പെടാതിരിക്കാനായി അവന്റെ നെറ്റിയിൽ മുദ്ര ചാർത്തുകയും ചെയ്യുന്നു. മഹാപ്രളയത്തിൽനിന്ന് നോഹയുടെ പെട്ടകത്തിലൂടെ ജീവജാലങ്ങളെ സംരക്ഷിക്കുന്ന ദൈവം തന്റെ ലക്ഷ്യം ജീവന്റെ നിലനിൽപ്പും സംരക്ഷണവുമാണെന്ന് വ്യക്തമാക്കുന്നു.

മോശയിലൂടെ ദൈവം ഇസ്രായേലിനോട് പറയുന്നു: "ജീവനും മരണവും അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുന്നിൽ വച്ചിരിക്കുന്നു. എന്നതിന് ആകാശത്തെയും ഭൂമിയെയും ഞാനിന്ന് നിനക്കെതിരായി സാക്ഷിയാക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക" (നിയമ. 30:19). ജീവൻ തിരഞ്ഞെടുക്കാൻ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. സങ്കീർത്തന വചനം പറയുന്നു: "ഇതാ ദൈവമാണെന്റെ സഹായകൻ, കർത്താവാണെന്റെ ജീവൻ താങ്ങി നിർത്തുന്നവൻ" (സങ്കീ. 34:4). ദൈവം ദാനമായി തന്ന, അവിടുന്ന്

താങ്ങി നിർത്തുന്ന നമ്മുടെ ജീവൻ നശിപ്പിക്കാൻ നമുക്ക് അവകാശ മില്ല.

ദമ്പതികൾ തങ്ങളുടെ സ്നേഹത്തിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകു മ്പോൾ ദൈവത്തോട് ചേർന്ന് നിന്ന് അവിടുത്തെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുകയാണ്. കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനും അവരെ വിശുദ്ധിയിലും സന്മാർഗ്ഗത്തിലും വളർത്തി ദൈവഹിതത്തോട് ചേർന്ന് നിൽക്കാനും ജീവസംസ്ക്കാരത്തന്റെ പ്രചാരകരാകുവാനും ദമ്പതിമാർക്ക് കടമയുണ്ട്.

ഈ മാസം 25-ാം തിയ്യതി നാം മംഗളവാർത്താതിരുനാൾ ആഘോ ഷിക്കുകയാണല്ലോ. സർവ്വലോകത്തെയും രക്ഷിക്കാനായി ദൈവം മനു ഷ്യനായി അവതരിച്ചു എന്നതാണ് മംഗളവാർത്ത. ഓരോ കുടുംബ ത്തിലും പുതിയ അതിഥിയായി ഒരു കുഞ്ഞ് എത്തുന്നത്, ഒരു ജീവൻ ആരംഭിക്കുന്നത് ഏറ്റവും സന്തോഷം നിറഞ്ഞ വാർത്തയാണ്. പരി ശുദ്ധ അമ്മയെ സംബന്ധിച്ചിടത്തോളം വിവാഹനിശ്ചയം കഴി ഞ്ഞിരിക്കെ അവൾ ഗർഭിണിയാകുന്നു എന്ന ആകുലതയുടെയും അസ്വ സ്ഥതയുടെയും വാർത്തയാണ് മംഗളവാർത്ത. യഹൂദ നിയമപ്രകാരം കല്ലെറിഞ്ഞ് കൊല്ലപ്പെടാമെന്നിരിക്കെ ദൈവഹിതത്തോട് സമ്മതം മൂളുന്ന പരിശുദ്ധ അമ്മയെ ജീവന്റെ സംരക്ഷക എന്നു വിളിക്കുന്നത് ഉചിതമാണ്. ദൈവഹിതത്തോട് സമ്മതം മൂളികൊണ്ട് പ്രാർത്ഥനയിലും സ്നേഹത്തിലും കുഞ്ഞുങ്ങൾക്ക് ജന്മം നൽകണമെന്ന് പരി. അമ്മ ഓർമ്മിപ്പിക്കുന്നു. തങ്ങളുടേതായ സുഖത്തിന്റെയും സ്വാതന്ത്ര്യത്തി ന്റെയും ചട്ടക്കൂടുകൾ നഷ്ടപ്പെടുമെന്ന് പറഞ്ഞ് കൂടുതൽ കുഞ്ഞു ങ്ങൾക്ക് ജന്മം നൽകാൻ വിസമ്മതിക്കുന്ന ദമ്പതിമാരോട് ദൈവഹിത ത്തിന് സമ്മതം നൽകുന്നതാണ് യഥാർത്ഥ സന്തോഷമെന്ന്, ഒന്നുമില്ലായ്മയിൽ, വെറും ഒരു പുൽക്കൂട്ടിൽ ഉണ്ണീശോയ്ക്ക് ജന്മം നൽകിയ പരി. അമ്മ പറയുന്നു.

തന്റെ ഉദരത്തിൽ ദിവ്യശിശുവിനെയും വഹിച്ചുകൊണ്ട് എലിസ ബത്തിന്റെ അടുക്കലേക്ക് പോകുന്ന പരിശുദ്ധ അമ്മയെ വി ഗ്രന്ഥത്തിൽ കാണാം. "മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലി സബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശു ദ്ധാത്മാവ് നിറഞ്ഞവളായി" (ലൂക്കാ. 1:41). ഉദരത്തിൽ ഉരുവാകുമ്പോഴെ ഓരോ കുഞ്ഞിനും ജീവനുണ്ടെന്നും ദൈവത്തിന്റെ അറിവുകൂടാതെ ഒരു കുഞ്ഞും ഉരുവാകുകയില്ലെന്നും ഈ വചനം വ്യക്തമാക്കുന്നു.

അതിനാൽ ഭ്രൂണഹത്യ അതിൽതന്നെ ഗൗരവമായ തെറ്റും കൊലപാതകവുമാണ്. തന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാനായി കാൻസറിന്റെ ചികിത്സ ഉപേക്ഷിച്ച് തന്റെ നാലാമത്തെ കുഞ്ഞിന് ജന്മം നൽകികൊണ്ട് മരണമടഞ്ഞ വിശുദ്ധ ജിയന്ന ബെറേത്ത മോള ഇന്നത്തെ ലോകത്തിനുമുൻപിൽ ചോദ്യചിഹ്നമാണ്. പരി. അമ്മയും വിശുദ്ധ ജിയന്നയും നമ്മോട് പറയുന്നത് ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവസംസ്കാരം വളർത്താൻ നമുക്കുള്ള കടമയെകുറിച്ചുമാണ്.

ജീവന്റെ സംരക്ഷണത്തിനായി നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ പലതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്ന ദമ്പതിമാരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാലാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്കായി ഞാൻ വരാമെന്ന് അറിയിച്ചിരുന്നു. 2021 ജനുവരി, ഫെബ്രുവരി മാസത്തിലായി 17 മാമ്മോദീസകൾ ഇതിനോടകം നടത്തപ്പെടുകയുണ്ടായി. ജീവന് പ്രാധാന്യം കൊടുത്തുകൊണ്ട് കൂടുതൽ കുഞ്ഞുങ്ങൾ വേണമെന്ന ചിന്തയിലേക്ക് ദമ്പതിമാർ എത്തിച്ചേർന്നതിന്റെ സൂചനകളാണിത് നൽകുന്നത്. രൂപതാതലത്തിൽ ജീവസംരക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കൂടുതൽ കുഞ്ഞുങ്ങളുള്ള ദമ്പതിമാർക്ക് പ്രോത്സാഹനവും സഹായവും നൽകുക എന്ന ലക്ഷ്യത്തോടെ പ്രൊലൈഫ് ചാരിറ്റബിൾ ട്രസ്റ്റ് ആരംഭിച്ച വിവരം സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു. അതിലേക്ക് നിങ്ങളുടെ പ്രാർത്ഥനകളും സഹായസഹകരണങ്ങളും ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

ജീവസംരക്ഷണമെന്നത് രൂപതയുടെ മാത്രം കടമയല്ല, ഓരോ വ്യക്തിക്കും കുടുംബത്തിനും അതിനുത്തരവാദിത്വമുണ്ട്. ആത്മഹത്യ, ഭ്രൂണഹത്യ, ദയാവധം എന്നിങ്ങനെ ജീവസംസ്കാരത്തിന് എതിരായ തിന്മകളെ ഇല്ലാതാക്കാനും കൂടുതൽ മക്കൾക്ക് ജന്മം നൽകാനും ദമ്പതിമാരെ അതിനായി പ്രോത്സാഹിപ്പിക്കാനും നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. മരണസംസ്കാരത്തെ ഇല്ലായ്മ ചെയ്ത് ജീവസംസ്ക്കാരത്തിന്റെ പ്രഘോഷകരാകാൻ നമുക്ക് പരിശ്രമിക്കാം.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.02.2021

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

Ref: 3445/K-5/KCBC/OL/DS 12.02.2021

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2021-ലെ നോമ്പുകാലസന്ദേശം

"ഇതാ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു" (മത്താ 20:18)

നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യം വച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ (ഫിലി. 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ "ജീവജലം"ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയ ജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും (cf. മത്താ. 6:1-18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശു

സഹജമായ സംഭാഷണവും നമ്മുടെ നിഷ്ക്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീ സഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസഭ തലമുറകൾതോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാന ഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തു തന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്ന രൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവിക ദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. *Fratelli Tutti*, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരു

ക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ. 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികൃത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ.1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനുമായാണ്.

2. പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച യേശു അവൾക്ക് ''ജീവജലം'' (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ അതിന്റെ അർത്ഥമെന്തെന്ന് അവൾക്ക് മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് ''മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും'' (മത്താ 20:19) ഇതുവഴി യേശു പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ, സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. *Laudato Si*, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർപ്പി

ക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, ''ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ'' (2 കോറി. 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദ്വേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (*Fratelli Tutti*, 223). ചിലപ്പോൾ ദയാവായ്പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമായ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും *(Fratelli Tutti*, 224).

ധ്യാനവും പ്രാർത്ഥനയും വഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ. 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ ''എല്ലാറ്റിനെയും നവീകരിക്കുന്ന'' (cf. വെളി. 21:1-6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ. 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽനിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

''സാമൂഹിക സ്നേഹം'' നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്ക്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരുക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനുശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (*Fratelli Tutti*, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സ്വാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും ശ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിൻ കലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ. 17:7-16). അപ്രകാരം തന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ. 6:30-44). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും, ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ. 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട്

ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അതു വഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്ക്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാവിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൽ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

ഫ്രാൻസിസ് പാപ്പ

റോമിൽനിന്ന്, 11 നവംബർ 2020

ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം

82-ാം കനകമല മാർ തോമ കുരിശുമുടി
മഹാതീർത്ഥാടനം
മാർച്ച് 28, ഓശാന ഞായർ

കോവിഡ് മാനദണ്ഡ പ്രകാരം മലമുകളിലേക്കുള്ള പ്രവേശനം 10 വയസ്സു മുതൽ 60 വയസ്സു വരെ ഉള്ളവർക്കായി നിജപ്പെടുത്തിയിരിക്കുന്നു. എല്ലാവരും, സർക്കാർ നിർദേശിച്ചിരിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

1. **Appointments and Relieving Orders:**

Rev. Fr. Jijo Chakkiath: Granted permission to continue pastoral ministry in Hosur Diocese for a period of 3 years, w.e.f. 21st January 2021.

Rev. Fr. Antony Thekkineth: Granted Medical Leave for 2 months, w.e.f. 21st January 2021.

Rev. Fr. Jose Aricatt: Appointed Acting Vicar, Holy Family Church, Avittathur & Chaplain, Holy Family CHF Convent, Grace Bhavan CSS Convent & Thapasa Samaritan Renewal Centre, Avittathur, w.e.f. 21st January 2021.

Rev. Fr. Fijo Chirayath CMI: Relieved Asst. Vicar, St. Theresa of Avila Quasi Parish Church, Kottackal, w.e.f. 01st February 2021.

Rev. Fr. Jomon Arakkaparambil CMI: Appointed Asst. Vicar, St. Theresa of Avila Quasi Parish Church, Kottackal, w.e.f. 01st February 2021.

Rev. Fr. Jithin Jose Kalan CMI: Relieved Asst. Vicar, St. Francis Xavier Church, Pullur, w.e.f. 01st February 2021.

Rev. Fr. Don Davis Edattukaran CMI: Appointed Asst.Vicar, St. Francis Xavier Church, Pullur, w.e.f. 01st February 2021.

Rev. Fr. Linto Parekkadan: Granted leave to attend Italian Language course w.e.f. 01st February 2021.

Rev. Fr. Benny Karumalikkal: Appointed Acting Vicar, St. Sebastian's Church, Thirumukulam w.e.f. 01st February 2021.

Rev. Fr. Joji Palamattath: Appointed Convener, Year of St. Joseph 2020-2021 of the Eparchy of Irinjalakuda, w.e.f. 04th February 2021.

Rev. Fr. Sibu Kallaparambil: Appointed Joint Convener, Year of St. Joseph 2020-2021 of the Eparchy of Irinjalakuda, w.e.f. 04th February 2021.

Rev. Fr. Linto Madambi CMI: Appointed Asst. Vicar, St. Antony's Shrine Church, Kanakamala, w.e.f. 13th February 2021.

2. **മാസധ്യാനം – മാർച്ച് 4 വ്യാഴം:** മർച്ച് മാസത്തിലെ മാസധ്യാന ത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
3. **മേജർ-മൈനർ പട്ടങ്ങൾ:** നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന ശെമ്മാശന്മാർക്ക് മ്ശംശാന, ഹെവ്പദിയാ ക്ക്ന, കാറോയ എന്നീ പട്ടങ്ങൾ 2021 മാർച്ച് 27 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് നമ്മുടെ രൂപത മൈനർ സെമിനാരിയിൽ വച്ച് നൽകുന്നതാണ്. ഈ വർഷം മ്ശംശാന പട്ടവും മറ്റ് പട്ടങ്ങളും സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹു. ശെമ്മാശന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെ.
4. **കുരിശുമുടി തീർത്ഥാടനം – 2021 ഫെബ്രുവരി 14മുതൽ ഏപ്രിൽ 11 വരെ :** 82-ാമത് കനകമല മാർതോമ കുരിശുമുടി തീർത്ഥാടനം 2021 ഫെബ്രുവരി 14 മുതൽ ഏപ്രിൽ 11 വരെ ആചരിക്കുന്നു. **മഹാ തീർത്ഥാടനം മാർച്ച് 28-ാം തിയ്യതി ഓശാന ഞായറാഴ്ച.** അന്നേ ദിവത്തെ തീർത്ഥാടനത്തിൽ എല്ലാ ഇടവകകളിൽനിന്നും പ്രതിനി ധികളെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പങ്കെടുപ്പി ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
5. **തിരുസൈത്ത് വെഞ്ചരിപ്പ്:** മാർച്ച് 29 തിങ്കളാഴ്ച നമ്മുടെ രൂപത യിൽ തിരുസൈത്ത് വെഞ്ചരിപ്പ് ദിനമാണ്. വെഞ്ചരിപ്പ് ശുശ്രൂഷക ളിൽ പങ്കെടുക്കേണ്ടവർ, സ്ഥലം, സമയം എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് നൽകുന്നതാണ്.
6. **വൈദികക്ഷേമനിധി:** വൈദികക്ഷേമനിധിയിലേക്ക് ബഹു. അച്ച ന്മാർ നൽകേണ്ട സംഖ്യകൾ (മുൻ വർഷങ്ങളിലേതടക്കം) ഇനിയും നൽകാത്തവർ മാർച്ച് 31നു മുൻപ് നൽകണമെന്ന് അഭ്യർത്ഥി ക്കുന്നു.
7. **വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള പെസഹാ വ്യാഴം സ്തോത്രക്കാഴ്ച – ഏപ്രിൽ 1 വ്യാഴം:** വൈദികവിദ്യാർത്ഥി കളുടെ പരിശീലനത്തിനുള്ള സഹായം സ്വീകരിക്കുന്നതിനുവേണ്ടി ഇടവകയിലെ ഭവനങ്ങളുടെ എണ്ണമനുസരിച്ചുള്ള കവറുകൾ രൂപത കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. കുടുംബയൂണിറ്റ് ഭാരവാ ഹികൾ വഴി കവറുകൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുകയും, പൗരോഹിത്യത്തിന്റെ യും വി. കുർബ്ബാനയുടെയും സ്ഥാപന ദിവ സമായ പെസഹാവ്യാഴാഴ്ച കുർബ്ബാനമദ്ധ്യേ സ്തോത്രക്കാഴ്ച യായി ഓരോ കുടുംബത്തിന്റെയും ത്യാഗപൂർണ്ണമായ സമർപ്പണ ങ്ങൾ നിക്ഷേപിച്ചിട്ടുള്ള കവറുകൾ സ്വീകരിക്കുവാൻ വേണ്ട സജ്ജീ കരണങ്ങൾ നടത്തുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കുടുബങ്ങളിൽനിന്ന് സ്തോത്രകാഴ്ചയായി

സ്വീകരിക്കുന്ന സമർപ്പണ സംഖ്യ 2021 ഏപ്രിൽ മാസത്തിൽതന്നെ രൂപതാഭവനത്തിൽ ഏല്പിക്കുവാൻ ബഹു. അച്ചനും കൈക്കാരന്മാരും പ്രത്യേകം ശ്രദ്ധിക്കുക.

8. **ഏപ്രിൽ മാസത്തെ മാസധ്യാനം :** ഏപ്രിൽമാസത്തെ ബഹു. അച്ചന്മാരുടെ മാസധ്യാനം അതത് ഫൊറോനകളിൽ വച്ചായിരിക്കും. തിയ്യതി : 2021 ഏപ്രിൽ 8 വ്യാഴം.

9. **വാർഷിക തെരട്ട് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a) രൂപതയിൽനിന്ന് നിശ്ചയിച്ചു തന്നിരിക്കുന്ന തിയ്യതിയിൽ തന്നെ രൂപതാ കാര്യാലയത്തിൽ തെരട്ട് കൊണ്ടു വരേണ്ടതാണ്. 2020–21 സാമ്പത്തികവർഷത്തിലെ audited balance sheet തെരട്ടിനോടൊപ്പം കൊണ്ടുവരണം. തെരട്ട് ഫീസ് അടയ്ക്കാൻ കാലാവധി വേണമെങ്കിൽ ആ വിവരം യോഗം പാസ്സാക്കിയതിന്റെ പകർപ്പ് സഹിതം കച്ചേരിയിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

b) പള്ളിയുമായി ബന്ധപ്പെട്ട (തെരട്ടിൽ ഉൾപ്പെടാത്ത) കുടുംബക്ഷേമനിധി, പാരിഷ് ഹാൾ, ട്രസ്റ്റുകൾ, മറ്റു പ്രസ്ഥാനങ്ങൾ എന്നിവയുടെ കണക്കുകളും; പള്ളി പണി, കപ്പേള പണി, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ കണക്കുകളും പള്ളി തെരട്ടിനോടൊപ്പം രൂപതയിൽ കൊണ്ടുവന്ന് സി.എ. ഓഡിറ്റ് നടത്തുകയും എല്ലാ കണക്കുകളുടെയും രണ്ടു കോപ്പി രൂപതയിൽ സമർപ്പിക്കുകയും വേണം.

c) രൂപതാഭവനത്തിലെ ഓഫീസിൽനിന്നും ലഭിക്കുന്ന തെരട്ട് ഫോറം രണ്ട് കോപ്പി പൂരിപ്പിച്ച് കച്ചേരിയിൽ സമർപ്പിക്കുകയും, തെരട്ട് പാസാക്കിയതിനുശേഷം ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം.

d) വേണ്ട തരത്തിൽ പൂരിപ്പിക്കാതെയോ, ബന്ധപ്പെട്ടവർ സീൽ വയ്ക്കാതെയോ ഒപ്പിടാതെയോ ഉള്ള തെരട്ട് ഫോറം അംഗീകരിക്കുന്നതല്ല.

e) തിരുനാളുകൾക്ക് നിയമാനുസരണം അനുവാദം വാങ്ങേണ്ടതാണ്. തെരട്ട് വേണ്ടവിധം സമർപ്പിക്കുകയും ഫീസടയ്ക്കുകയും തിരുനാളിനെ സംബന്ധിക്കുന്ന മറ്റു നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്താൽ മാത്രമേ ഈ അനുവാദം ലഭിക്കുകയുള്ളൂ.

f) പുതിയ കൈക്കാരന്മാർ: പുതിയ കൈക്കാരന്മാരുടെ പേരുകൾ തെരട്ട് ഫോറത്തിൽ ചേർത്തിരിക്കണം. വാർഷിക തെരട്ട് പാസ്സാക്കിയതിന് ശേഷമായിരിക്കും കൈക്കാരന്മാരുടെ മാറ്റം നടക്കുക.

g) രൂപത ഏല്പിച്ചിരിക്കുന്ന ഓഡിറ്റേഴ്സിന്റെ പക്കൽ ഓഡിറ്റ്

ചെയ്യുന്നതാണ് അഭിലഷണീയം. പുറത്ത് ഓഡിറ്റ് ചെയ്യിക്കുന്നവർ മാർച്ച് 15ന് മുമ്പ് രൂപതാ ഫൈനാൻസ് ഓഫീസിൽ അറിയിക്കണം. അപ്രകാരം ചെയ്യുന്നവർ ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ രണ്ടു കോപ്പിയും രൂപതാ കച്ചേരിയിൽ കൊണ്ടുവന്ന്, ഒരു കോപ്പി രൂപതാ കച്ചേരി സീൽവച്ച് കൊണ്ടുപോകേണ്ടതാണ്.

h) തെരട്ടിനൊപ്പം കൊണ്ടുവരേണ്ടവ

i) നാൾവഴി, പേരേട്, തെരട്ട് പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്.

ii) ബാങ്ക് പാസ്സ്ബുക്ക് (31.03.2021 വരെ പതിപ്പിച്ചത്), ഡെപ്പോസിറ്റ് രശീതുകൾ, (ഡെപ്പോസിറ്റുകളുടെ പലിശ യഥാസമയം കണക്കിൽ ചേർത്തിരിക്കണം. എല്ലാ ഡെപ്പോസിറ്റുകളും ജോയിന്റായിരിക്കണം). 2021 മാർച്ച് 31-ാം തിയ്യതി ഉൾപ്പെടെ വരുന്ന fixed deposits, loans and advances എന്നിവയുടെ വിശദമായ Schedule കൊണ്ടുവരേണ്ടതാണ്.

iii) ബില്ലുകൾ, വൗച്ചറുകൾ.

i) വാർഷിക റിപ്പോർട്ട്: 2020 ഏപ്രിൽ 1 – 2021 മാർച്ച് 31 കാലയളവിലെ ഇടവക വാർഷിക റിപ്പോർട്ട് നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച് രണ്ട് കോപ്പികൾ കച്ചേരിയിൽ തെരട്ടിനോടൊപ്പം സമർപ്പിക്കുകയും ഒരു കോപ്പി കച്ചേരി സീൽ വച്ച് പള്ളി ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

j) തിരുനാൾ റിപ്പോർട്ട് : 2020 ഏപ്രിൽ 1 – 2021 മാർച്ച് 31 കാലയളവിലെ ഇടവകയിലെ പ്രധാന തിരുനാളാഘോഷങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് രണ്ട് കോപ്പികൾ തെരട്ടിനോടൊപ്പം സമർപ്പിക്കേണ്ടതും ഒരു കോപ്പി കച്ചേരി സീൽ വച്ച് പള്ളി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

k) സംഘടനകളുടെ/സ്ഥാപനത്തിന്റെ തെരട്ട്: പള്ളികളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്ക് കൃത്യമായി എഴുതി തെരട്ടാക്കി ഒരു കോപ്പി വികാരിക്ക് സമർപ്പിക്കുകയും സി.എ. ഓഡിറ്റിന്റെ പരിധിയിൽ വരുന്ന സംഘടനകൾ പള്ളി തെരട്ടിനോടൊപ്പം അവരുടെ കണക്കുകൾ രൂപതയിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള ഫോറം ഈ ആവശ്യത്തിന് ഉപയോഗിക്കേണ്ടതാണ് (ഫോറം രൂപതഭവനത്തിൽനിന്ന് ലഭിക്കും). ഏതെങ്കിലും സംഘടനയോ, സ്ഥാപനമോ കണക്കുകൾ വികാരിക്ക് സമർപ്പിക്കുന്നില്ലെങ്കിൽ വിവരം രൂപതാ ഡയറക്ടർ, ഫൊറോന

ഡയറക്ടർ, രൂപത കച്ചേരി എന്നിവരെ അറിയിക്കുകയും വീണ്ടും നിശ്ചിത തിയ്യതിക്കകം സമർപ്പിക്കുന്നില്ലായെങ്കിൽ രൂപത ഡയറക്ടറുടെയും രൂപത കച്ചേരിയുടെയും നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സംഘടനയുടെ/സ്ഥാപനത്തിന്റെ പ്രവർത്തനം മരവിപ്പിക്കുകയോ, നിറുത്തലാക്കുകയോ ചെയ്യാവുന്നതാണ്. ഈ വിവരങ്ങൾ ബഹു. വികാരിമാർ/ഡയറക്ടർമാർ ബന്ധപ്പെട്ടവരെ അറിയിക്കുകയും വേണം. കണക്കുകൾ സമർപ്പിക്കുന്നതിന് മുമ്പായി അവ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വായിച്ച് പാസ്സാക്കിയിരിക്കണം. അഡ്വൈസറി ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ യോഗപുസ്തകം, റിപ്പോർട്ട് പുസ്തകം എന്നിവ തദവസരത്തിൽ കച്ചേരിയിൽ സമർപ്പിച്ച് സീൽ വച്ച് കൊണ്ടുപോകേണ്ടതാണ്.

സ്കൂൾ കണക്കിന്റെ ബാലൻസ് ഷീറ്റ് നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

രൂപതാ കാര്യാലയം
20.02.2021

മോൺ. ലാസർ കുറ്റിക്കാടൻ
വികാരി ജനറാൾ

2021 March
Birth Days

1	Rev. Fr. Thaliyanayath Linto	**23**	Rev. Fr. Maliekal Andrews
2	Rev. Fr. Vazhappilly Jose U.		Rev. Fr. Thoduparambil Jojo
5	Rev. Fr. Kuttikadan Lindo	**24**	Rev. Fr. Kaitharath Jifin
5	Rev. Fr. Vakaparambil Jijo	**27**	Rev. Fr. Moolan Raphael
6	Rev. Fr. Palathingal Joseph		Rev. Fr. Kolenchery Jinoj
	Rev. Fr. Kollamvalappil Nivin		Rev. Fr. Eluvathingal Samson
10	Rev. Fr. Elamkunnapuzha Thomas	**30**	Rev. Fr. Panthallookaran Jose
14	Rev. Fr. Alappatt Rijo		Rev. Fr. Kadavil Jain
	Rev. Fr. Alappat Tijo	**31**	Rev. Fr. Palatty Jose
16	Rev. Fr. Payyappilly Rinto		Rev. Fr. Koottala Thomas
17	Rev. Msgr. Manjaly Jose		Rev. Fr. Karathra Renil
	Rev. Fr. Nellissery Joy		Rev. Fr. Pudussery Anil
19	Rev. Fr. Punneliparambil Albin		

2021 March
Feast Days

19	Rev. Fr. Alappat Sinto		Rev. Fr. Maniparambil Jose
	Rev. Fr. Ambooken Jose		Rev. Msgr. Manjaly Jose
	Rev. Fr. Aricatt Jose		Rev. Fr. Manjaprakaran Liju
	Rev. Fr. Brahmakulam Lijohn		Rev. Fr. Mechery Tino
	Rev. Fr. Chackorya Nixon		Rev. Fr. Nereparambil Denson
	Rev. Fr. Cheenan Bency		Rev. Fr. Pakrath Jees
	Rev. Fr. Cheruvathur Benny		Rev. Fr. Palathingal Joseph
	Rev. Fr. Chittilappilly Jose K.		Rev. Fr. Palatty Jose
	Rev. Fr. Elamkunnapuzha Kins		Rev. Msgr. Paliakkara Joy
	Rev. Fr. Elamthuruthy Sherens		Rev. Fr. Panthallookaran Jose
	Rev. Fr. Gopuram Joseph		Rev. Fr. Parambeth Liju
	Rev. Fr. Kaitharan Ashil		Rev. Fr. Parekatt Jaison
	Rev. Fr. Kaitharath Jifin		Rev. Fr. Payyappilly Sabu
	Rev. Fr. Kallely Alex		Rev. Fr. PayyappillyGilson
	Rev. Fr. Kallely Joshy		Rev. Fr. Payyappilly Joseph Savio
	Rev. Fr. Kanamkudam Jose		Rev. Fr. Pazhayattil Rejoy
	Rev. Fr. Kanamkudam Joseph		Rev. Fr. Pereppadan Joy
	Rev. Fr. Kanjithara Seemon		Rev. Fr. Pulickan Feby
	Rev. Fr. Kavalakatt Daison		Rev. Fr. Pulluparambil Jose
	Rev. Fr. Kavunkal Jos		Rev. Fr. Puthussery Anil
	Rev. Fr. Kizhakumthala Joseph		Rev. Fr. Thekkekara Shaji
	Rev. Fr. Kodiyan Febin		Rev. Fr. Thekkethala Joseph
	Rev. Fr. Kodiyan Stern		Rev. Fr. Thekkineth Arun
	Rev. Fr. Kudiyirikal Jaison		Rev. Fr. Vakaparambil Jijo
	Rev. Fr. Madavana Sinto		Rev. Fr. Vazhappilly Jose U.
	Rev. Fr. Malakkaran Jino		Rev. Fr. Vethamattil Jose
	Rev. Msgr. Maliekal Jose		Rev. Fr. Vithayathil Joseph
	Rev. Fr. Maliekal Koonan Joseph		Rev. Fr. Vazhappilly Sibin
	Rev. Fr. Maliekal Koonan Martin		Rev. Fr. Nayathodan Jibin
	Rev. Fr. Mandakath Joseph	**31**	Rev. Fr. Chirayath Benjamin

ഷഷ്ടിപൂർത്തി സ്മാരകമായി പ്രോലൈഫ് ചാരിറ്റബിൾ ട്രസ്റ്റും ഭവനനിർമ്മാണ പദ്ധതിയും

ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഷഷ്ടിപൂർത്തി ആഘോഷവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഇരിങ്ങാലക്കുട രൂപതാംഗങ്ങളായവർക്കുള്ള സ്വീകരണവും 2021 ഫെബ്രുവരി 13, ശനിയാഴ്ച നടത്തപ്പെട്ടു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് ഇരിങ്ങാലക്കുട രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് പുതിയ പദ്ധതികൾക്ക് ആരംഭം കുറിച്ചു.

1) പ്രോലൈഫ് ചാരിറ്റബിൾ ട്രസ്റ്റ്: ജീവന്റെ മഹത്വവും വിശുദ്ധിയും, ജീവിക്കാനുള്ള അവകാശവും ഉയർത്തിപ്പിടിച്ചു കൊണ്ട് അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്ന നിമിഷം മുതൽ സ്വാഭാവിക മരണംവരെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും പിന്തുണക്കുക, ജീവന്റെ സംസ്കാരത്തെ തകർക്കുന്ന മരണ സംസ്കാരത്തിന്റെ പ്രവണതകൾക്കെതിരെ പോരാടുക എന്നീ ലക്ഷ്യങ്ങളോടെ 'പ്രോലൈഫ് ചാരിറ്റബിൾ ട്രസ്റ്റ്' പദ്ധതി.

ഇതിന്റെ ലക്ഷ്യങ്ങൾ:

- മക്കൾ സമ്പത്താണെന്ന ബോധ്യം മാതാപിതാക്കൾക്ക് പകർന്നു നൽകുക.
- കൂടുതൽ മക്കളുള്ള മാതാപിതാക്കളെ, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം മുതലായ കാര്യങ്ങളിൽ എല്ലാ വിധത്തിലും സഹായിക്കുക.
- ജീവന്റെ സംസ്കാരത്തിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങളിൽ – ആത്മഹത്യ, ഭ്രൂണഹത്യ, ദയാവധം, മദ്യം, മയക്കുമരുന്ന് തുടങ്ങിയവക്കെതിരെ – ബോധവൽക്കരണം നടത്തുക.

2) ഭവന പദ്ധതി: ഒരു കുടുംബത്തിന്റെ സ്വപ്നമാണ് സ്വന്തമായ ഒരു ഭവനം. പകലന്തിയോളം അദ്ധ്വാനിച്ച് കുടുംബം പുലർത്താൻ കഷ്ടപ്പെടുന്നവരിൽ അർഹരായവർക്ക് സ്വന്തമായി ഒരു ഭവനം നിർമ്മിക്കുവാൻ സഹായിക്കുക എന്നതാണ് ഈ ഭവന പദ്ധതിയുടെ ലക്ഷ്യം.

ഭവനനിർമ്മാണ പൂർത്തീകരണം:

- ഇരിങ്ങാലക്കുട രൂപതയിലെ ഇടവകകളുടേയും സാമൂഹിക പ്രസ്ഥാനമായ സോഷ്യൽ ആക്ഷന്റേയും മറ്റ് സ്ഥാപനങ്ങളുടേയും സഹകരണത്തോടെ 60 (അറുപത്) വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നു. ഈ രണ്ട് പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ വരും ദിവസങ്ങളിൽ നൽകുന്നതാണ്.

ഇരിങ്ങാലക്കുട രൂപത തീർത്ഥകേന്ദ്രം

82–ാം കനകമല മാർതോമ കുരിശുമുടി തീർത്ഥാടനം

2021 ഫെബ്രുവരി 14 മുതൽ ഏപ്രിൽ 11 വരെ

സ്നേഹമുള്ളവരെ കനകമല കുരിശുമുടി തീർത്ഥാടനം ഫെബ്രുവരി 14ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്തു. നോമ്പുകാല തീർത്ഥാടനം കോവിഡ്19 പ്രോട്ടോകോൾ പാലിച്ചുകൊണ്ടാണ് ഒരുക്കിയിരിക്കുന്നത്. തീർത്ഥാടനം രാവിലെ 5 മണിക്ക് ആരംഭിച്ച് രാത്രി 9 മണിക്ക് സമാപിക്കുന്നു, വൈകീട്ട് 7 മണിക്ക് ശേഷം കുരിശു മുടിയിലേക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

നോമ്പുകാല ആത്മീയ ശുശ്രൂഷകൾ കുരിശുമുടിയിൽ

- **എല്ലാ ദിവസവും വൈകീട്ട് 04.30ന് ജപമാല, ദിവ്യകാരുണ്യ ആരാധന, 05.30ന് ദിവ്യബലി തുടർന്ന് തോമാശ്ലീഹായുടെ നൊവേന. വിശുദ്ധ കുരിശിന്റെ ആശീർവാദവും ഉണ്ടായിരിക്കുന്നതാണ്.**
- **വെള്ളി, ശനി, ഞായർ രാവിലെ 07നു ദിവ്യബലി**

ആത്മീയ ശുശ്രൂഷകൾ അടിവാരം പള്ളിയിൽ

- **എല്ലാ ദിവസവും രാവിലെ 06.15ന് ദിവ്യബലി**
  ഞായർ രാവിലെ 06.00നും 07.00നും ദിവ്യബലി
  വൈകീട്ട് 07നു ദിവ്യബലി.
- **എല്ലാ ദിവസവും രാവിലെ 06.15ന് ദിവ്യബലിയും വൈകീട്ട് 05.30 മുതൽ 06.30 വരെ ദിവ്യകാരുണ്യ ആരാധന.**
  06.30 മുതൽ 07.00 വരെ ഗ്രോട്ടോയിൽ ജപമാല
  07.00 മണിക്ക് ദിവ്യബലി തുടർന്ന് സ്ലീവാപാത.

മഹാതീർത്ഥാടനം – മാർച്ച് 28, ഓശാന ഞായർ

കോവിഡ് മാനദണ്ഡ പ്രകാരം മലമുകളിലേക്കുള്ള പ്രവേശനം 10 വയസ്സു മുതൽ 60 വയസ്സുവരെ ഉള്ളവർക്കായി നിജപ്പെടുത്തിയിരിക്കുന്നു. എല്ലാവരും, സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

ഫാ. ജോയ് തറയ്ക്കൽ
റെക്ടർ, മാർ തോമാ കുരിശുമുടി തീർത്ഥാടന കേന്ദ്രം

മാർതോമ കുരിശുമുടി തീർത്ഥാടന കേന്ദ്രം, സെന്റ് ആന്റണീസ് ചർച്ച്
കനകമല, ഫോൺ: 0480 2720385, 9400747666
email: kanakamalakurisumudy1940@gmail.com
Website: stthomaskanakamala.com

Priests & Religious Directory - 2020
വൈദിക-സമർപ്പിത ഡയറക്ടറി – 2020

പ്രിയ ബഹു. അച്ചാ,

നമ്മുടെ രൂപതയുടെ ദൈവവിളി പ്രോത്സാഹനവർഷ സമാപനത്തോടനുബന്ധിച്ച് രൂപതയിലെ 137 ഇടവകകളിലെയും കുടുംബങ്ങളിൽനിന്നുള്ള ബഹു. വൈദികരുടെയും, ബഹു. ബ്രദേഴ്സിന്റെയും (Permanent Brotherhood), ബഹു. സിസ്റ്റേഴ്സിന്റെയും ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി അങ്ങയുടെ ഇടവകയിൽനിന്നും നൽകിയിട്ടുള്ള പേരുവിവരങ്ങളും വിവിധ സന്യാസസമൂഹങ്ങളിലൂടെ ലഭിച്ചിട്ടുള്ള പേരുവിവരങ്ങളുമൊക്കെ ഉൾപ്പെടുത്തി 'വൈദിക സമർപ്പിത ഡയറക്ടറി 2020' യ്ക്കുവേണ്ടി ഒരുക്കിയ പ്രൂഫ് കൊടുത്തുവിടുന്നു. ബഹു. അച്ചൻ അങ്ങയുടെ ഇടവകാംഗങ്ങളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന (as on 31.12.2020) എല്ലാ ബഹു. വൈദികരുടെയും, ബഹു. ബ്രദേഴ്സിന്റെയും (Permanent Brotherhood), ബഹു. സിസ്റ്റേഴ്സിന്റെയും പേരും ഫോട്ടോ (കളർ)യും, ഫോൺ നമ്പറും, വീട്ടഡ്രസ്സും, രൂപത/കോൺഗ്രിഗേഷൻ പേരും, ജനനതിയ്യതിയും, വൈദികരുടെ തിരുപ്പട്ട തിയ്യതിയും, ബഹു. ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും ആദ്യവ്രത വാഗ്ദാന (First Profession) തിയ്യതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ പൂർണ്ണമായും ഈ പ്രൂഫിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. തെറ്റുകളുണ്ടെങ്കിൽ തിരുത്തിതരണം. ഇല്ലാത്ത വിവരങ്ങൾ കൂട്ടിചേർക്കണം. ഇക്കാര്യത്തിനായി ബഹു. അച്ചൻ അച്ചന്റെ പള്ളിയിൽനിന്നും 22.02.2021 വരെ നൽകിയതുവച്ചാണ് ഈ പ്രൂഫ് തയ്യാറാക്കിയിരിക്കുന്നത്. ബഹു. അച്ചൻ ഇതുവരെ നൽകിയ ത്യാഗപൂർണ്ണമായ സഹകരണത്തിന് ഒത്തിരി നന്ദി.

ഇക്കഴിഞ്ഞ ജനുവരി ആദ്യം പ്രസിദ്ധീകരിക്കാമെന്ന് വിചാരിച്ചിരുന്ന ഈ ഡയറക്ടറിയുടെ പ്രിന്റിങ്ങ് അല്പം വൈകിയെങ്കിലും ഈ മാർച്ച് പകുതിയോടെ ആരംഭിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതിനാൽ ഈ മാർച്ച് 13 ശനിയാഴ്ചക്കുള്ളിൽ corrected final proof ബഹു. അച്ചൻ തരണം. ആർക്കെങ്കിലും emailൽ ഫോട്ടോകളോ മറ്റു വിവരങ്ങളോ അറിയിക്കണമെന്നുണ്ടെങ്കിൽ എന്റെ email id ആയ manjalyjosachan@gmail.com ലോ എന്റെ വാട്സ്ആപ് നമ്പറിലോ (9495811894) അയക്കാവുന്ന

താണ്. നേരിൽ കൊണ്ടുവരുന്നവർ ബിഷ്പ്സ് ഹൗസ് ഓഫീസിലോ, ആളൂർ ബി.എൽ.എം. പ്രസ്സിലോ ഏൽപ്പിക്കേണ്ടതാണ്. ബഹു. അച്ചൻ ശരിയാക്കിതരുന്ന പേരുകളും ഫോട്ടോകളും മറ്റു വിവരങ്ങളുമായിരിക്കും അച്ചന്റെ ഇടവകയുടെ പേരിന് താഴെ ഈ 'വൈദികസമർപ്പിത ഡയറക്ടറി 2020' യിൽ ഉണ്ടായിരിക്കുക. ഫോട്ടോ കിട്ടിയില്ലെങ്കിൽ Photo space Blank ഇടും. അതിനാൽ ഈ ഇടവകയിൽനിന്നുള്ള ആരെയും വിട്ടുപോകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മാർച്ച് 13നകം corrected proof ലഭിച്ചില്ലെങ്കിൽ ഇപ്പോൾ നൽകിയ പ്രൂഫ് ശരിയാണെന്നുള്ള ഉറപ്പിന്മേൽ ഡയറക്ടറിയുടെ പ്രിന്റിങ്ങ് ആരംഭിക്കുന്നതാണ്. അങ്ങയുടെ ത്യാഗപൂർണ്ണമായ സഹകരണത്തിന് ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

മോൺ. ജോസ് മഞ്ഞളി
വികാരി ജനറാൾ
9495811894

ഇരിങ്ങാലക്കുട
23.02.2021

NB: 01.01.2020ന് ശേഷം മരിച്ചുപോയവരുടെ പേരുകൾ വെട്ടി മാറ്റേണ്ടതില്ല. 2021 ജനുവരി 1, 2 തിയ്യതികളിൽ തിരുപ്പട്ടം സ്വീകരിച്ചവരുടെ പേരുകൾ ചേർക്കേണ്ടതാണ്.

അനുസ്മരണദിനങ്ങൾ
2021 മാർച്ച്

07 ഞായർ : നോമ്പ് നാലാം ഞായർ
14 ഞായർ : നോമ്പ് അഞ്ചാം ഞായർ
18 വ്യാഴം : ജറുസലേമിലെ വി. സിറിൽ
19 വെള്ളി : **വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ**
21 ഞായർ : നോമ്പ് ആറാം ഞായർ
25 വ്യാഴം : **മംഗളവാർത്ത തിരുനാൾ**
26 വെള്ളി : നോമ്പ് ആറാം വെള്ളി
(നാല്പതാം വെള്ളി)
28 ഞായർ : **ഓശാന ഞായർ**
(നോമ്പ് ഏഴാം ഞായർ)

ആദരാഞ്ജലികൾ

റവ. സി. സെർജിയ എഫ്.സി.സി.

മരണം: 14.01.2021

ഇരിങ്ങാലക്കുട രൂപത, കാട്ടൂർ ഇടവക, ആലപ്പാട്ട് പാലത്തിങ്കൽ വർഗ്ഗീസ്-ത്രേസ്യ ദമ്പതികളുടെ എട്ട് മക്കളിൽ മൂത്ത സന്താന മായി 1930 ഫെബ്രുവരി 2ന് ജനിച്ചു. മാമ്മോ ദീസ പേര് കൊച്ചുത്രേസ്യ എന്നായിരുന്നു. 1948 ജൂൺ 1-ാം തിയ്യതി മാപ്രാണം മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ച് 1951 ജനുവരി 9ന് പ്രഥമ വ്രതവാഗ്ദാനം നടത്തി സി. സെർജിയ എന്ന നാമം സ്വീകരിച്ചു. 1955 മെയ് 23ന് നിത്യ വ്രതവാഗ്ദാനവും, 2000 നവംബർ 18ന് വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. 70 വർഷത്തെ സന്യാസജീവിതത്തിൽ മാപ്രാണം, കരാഞ്ചിറ പയസ്, പെരിങ്ങോട്ടുക്കര, മദ്രാസ്, അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, മാരാംകോട്, കുഴിക്കാട്ടുകോണം, കരാഞ്ചിറ അസ്സീസി എന്നിവിടങ്ങളിൽ അസിസ്റ്റന്റ് സുപ്പീരിയർ, ഹെഡ്മിസ്ട്രസ്, മെസ്സ് മാനേജർ, ഓർഫനേജ് മേട്രൺ എന്നി നിലകളിൽ സേവനമനുഷ്ഠിച്ചു. 2020 ഫ്രെബ്രുവരി 2ന് നവതി ആഘോഷിക്കാനും അമ്മയ്ക്ക് സാധിച്ചു. 2021 ജനുവരി 14ന് ബഹു. സെർജിയമ്മ സ്വർഗ്ഗീയ വസതിയിലേക്ക് യാത്രയായി.

സെന്റ് പോൾ മൈനർ സെമിനാരി

1. 2021 ജനുവരി

21 റവ. ഫാ. ഡേവീസ് കിഴക്കുംതല മൈനർ സെമിനാരിയുടെ പുതിയ റെക്ടർ ആയി ഉത്തരവാദിത്വമേറ്റു.

2021 ഫെബ്രുവരി

07 മാസധ്യാനം, റവ. ഫാ. റിജോയ് പഴയാറ്റിൽ നേതൃത്വം നൽകി.

11 13 മണിക്കൂർ ആരാധന നടത്തി.

13 അഭിവന്ദ്യ പിതാവിന്റെ ജന്മദിനത്തിൽ എല്ലാ സെമിനാരിക്കാരും ബിഷപ്സ് ഹൗസിൽ ഒത്ത്ചേർന്ന് ആശംസകളർപ്പിച്ചു.

2. സാമ്പത്തിക സഹായം നൽകിയവർ

1. Leena Sabu Kannampadathil, Mettipadam	5,000
2. St. Mary's Church, Kodungalloor	6,155
3. K.M. Paulose, Kaithara, Elinjipra	1,25,000

ഫാ. ഡേവീസ് കിഴക്കുംതല
റെക്ടർ

1. **വാർഷിക പരീക്ഷ:** 2020-2021 വാർഷിക പരീക്ഷകൾ നല്ല രീതിയിൽ നടത്തുവാൻ സഹകരിച്ച എല്ലാ വികാരിഅച്ചന്മാർക്കും, പ്രധാന അദ്ധ്യാപകർക്കും, എല്ലാ വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി.
2. **മൂല്യനിർണ്ണയം:** 10, 12 ക്ലാസ്സുകളിലെ ഉത്തരകടലാസുകൾ അതാത് ഇടവകയുടെ നേതൃത്വത്തിൽ പള്ളിയിൽവച്ചുതന്നെ മൂല്യനിർണ്ണയം നടത്തുക. 80% മോ അതിൽ കൂടുതലോ മാർക്കുള്ള പേപ്പറുകൾ വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററിന്റെയും നേതൃത്വത്തിൽ നിയോഗിക്കപ്പെടുന്ന സമിതി/വ്യക്തി Second valuation നടത്തിയതിനു ശേഷം 90% മോ അതിൽ കൂടുതലോ മാർക്കുള്ള പേപ്പറുകൾ റാങ്ക് നിർണ്ണയത്തിനായി മതബോധനകേന്ദ്രത്തിൽ മർച്ച് 8നു മുൻപായി ഏൽപ്പിക്കേണ്ടതാണ്. അതോടൊപ്പം എല്ലാ കുട്ടികളുടെയും മാർക്കുകൾ വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽനിന്നും തന്നിരിക്കുന്ന Exam Entry Formൽ രേഖപ്പെടുത്തി ബ്ലാക്ക് ബാഗിൽവച്ച് മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.
   - ❖ Mentally Challenged ആയ കുട്ടികളുടെ ഉത്തരപേപ്പറുകൾ മൂല്യനിർണ്ണയം നടത്താതെ പ്രത്യേക കവറിൽവച്ച് കുട്ടിയുടെ പേര്, ക്ലാസ്സ്, യൂണിറ്റിന്റെ പേര് എന്നിവ രേഖപ്പെടുത്തി ബ്ലാക്ക് ബാഗിനോടൊപ്പം വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽ മാർച്ച് 8-ാം തിയ്യതിക്കുമുൻപ് ഏൽപ്പിക്കേണ്ടതാണ്.
3. **X, XII Say Examination (പുനർപരീക്ഷ):** ഈ വർഷം X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയിൽ വിജയികളാകാത്തവരെയും, തക്ക കാരണങ്ങളാൽ വാർഷിക പരീക്ഷ എഴുതുവാൻ സാധിക്കാത്ത കുട്ടികളെയും Say പരീക്ഷയിൽ പങ്കെടുപ്പിക്കുവാൻ അവസരം കൊടുക്കുന്നതാണ്. 2021 മെയ് 2-ാം തിയ്യതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണിവരെ Say പരീക്ഷ നടത്തുന്നതായിരിക്കും. 2020-2021 അദ്ധ്യയനവർഷത്തിൽ X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയിൽ 100% വിജയം എന്ന മാനദണ്ഡം ഉണ്ടായിരിക്കുന്നതല്ല.
4. **മതാദ്ധ്യാപക പരീക്ഷ:** ഈ വർഷത്തെ മതാദ്ധ്യാപക പരീക്ഷ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് മെയ് 23-ാം തിയ്യതിയിലേക്ക് മാറ്റിയ കാര്യം അറിയിച്ചിട്ടുള്ളതാണല്ലോ. സിലബസ് - 'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തിൽനിന്ന് ഭാഗം IV മുതൽ VIII ഉൾപ്പെടെ (പേജ് 92 മുതൽ 243 വരെ) ഉണ്ടായിരിക്കും. കേരളസഭ - 2021 ജനുവരി മുതൽ മെയ് ഉൾപ്പെടെയുള്ള കേരളസഭപത്രങ്ങളിൽനിന്ന്.

❖ **മതാദ്ധ്യാപക പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ**

എല്ലാ മതാദ്ധ്യാപകരും പരീക്ഷയുടെ പ്രാധാന്യവും ഗൗരവവും ഉൾകൊണ്ട് പരീക്ഷയെഴുതുവാൻ ശ്രദ്ധിക്കുമല്ലോ. മതാദ്ധ്യാപക പരീക്ഷയ്ക്കുള്ള പേരുകൾ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഓരോ പള്ളിക്കും തന്നിരിക്കുന്ന User name ഉം Password ഉം ഉപയോഗിച്ചാണ് മതാദ്ധ്യാപക പരീക്ഷയ്ക്കു രജിസ്ട്രേഷൻ ചെയ്യേണ്ടത്. പരീക്ഷ എഴുതുന്ന എല്ലാ അദ്ധ്യാപകരുടെയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2021 ഏപ്രിൽ 1 മുതൽ ഏപ്രിൽ 30വരെ രജിസ്ട്രേഷൻ നടത്താൻ സാധിക്കും. പിന്നീട് അവസരം ഉണ്ടായിരിക്കുന്നതല്ല.

NB: ഓരോ യൂണിറ്റിൽനിന്നും പ്രത്യേകം നിയോഗിക്കപ്പെട്ട പ്രതിനിധികൾ മാത്രം രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾ ചെയ്യുക.

5. **ഗ്രെയ്സ് ഫെസ്റ്റ്:** ഈ വർഷം ഓരോ ഇടവകയിലെയും സാഹചര്യമനുസരിച്ച് Online/Offline മുഖേന ഗ്രെയ്സ് ഫെസ്റ്റ് നടത്തി റിപ്പോർട്ട് മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.
6. **BCT Course (നവമതാദ്ധ്യാപക പരിശീലന കോഴ്സ്):** 2019-2020 അദ്ധ്യയനവർഷത്തിൽ BCT Courseൽ പങ്കെടുക്കുവാനായി വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർക്കായി 2021 മെയ് 8,9 (ശനി, ഞായർ) തിയ്യതികളിലായി BCT Course - വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽവച്ച് നടത്തപ്പെടുന്നതാണ്.

   NB: മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള 100 അദ്ധ്യാപകർക്ക് മുൻഗണന നൽകുന്നതാണ്. ഇവർ ഈ കോഴ്സിൽ പങ്കെടുക്കുന്നില്ലെങ്കിൽ എത്രയും വേഗത്തിൽ വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.
7. **നന്ദിയുടെ ഒരു വാക്ക്:** കഴിഞ്ഞ രണ്ടു വർഷക്കാലം പുത്തൻചിറ ഫൊറോനയിൽ മതബോധന ഡയറക്ടറായി വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകിയ ബഹു. ടിനോ മേച്ചേരി അച്ചന് ഇരിങ്ങാലക്കുട രൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.
8. **ഹൃദ്യമായ സ്വാഗതം:** പുത്തൻചിറ ഫൊറോന മതബോധന ഡയറക്ടറായി ചുമതലയേറ്റെടുത്തിരിക്കുന്ന ബഹു. ലിജോ കോങ്കോത്ത് അച്ചന് ഇരിങ്ങാലക്കുട രൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്ന് അനുമോദനവും ആശംസകളും.
9. **പന്ത്രണ്ട് വർഷം മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ:** 2020 - 2021 അദ്ധ്യയന വർഷത്തിൽ Online ക്ലാസ്സുകളിൽ പങ്കെടുത്ത് 12-ാം ക്ലാസ്സുമുടങ്ങാതെ പൂർത്തിയാക്കിയവരും, കഴിഞ്ഞ 11 വർഷവും എല്ലാ ഞായറാഴ്ചയുംതുടർച്ചയായി മതബോധന ക്ലാസ്സിൽ സംബ

ന്ധിച്ചവരുയായ വിദ്യാർത്ഥികളുടെ പേരും, ഇടവകയും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കൂടി വികാരിയച്ചന്റെ സാക്ഷ്യ പത്രത്തോടൊപ്പം മാർച്ച് 15ന് മുമ്പ് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

10. **Heavenly Stars:** കുട്ടികൾക്കുവേണ്ടി നടത്തിയ **Heavenly Stars** (വിശുദ്ധരെ കുറിച്ചുള്ള കയ്യെഴുത്ത്) രചനാമത്സരത്തിൽ വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ! 30 ഉം അതിൽ കൂടുതലും വിശുദ്ധരെ കുറിച്ച് എഴുതിയ എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും.

കയ്യെഴുത്ത് രചനാമത്സര വിജയികൾ

I. ഡൊമിനിക് സാവിയോ വിഭാഗം (Std. IV, V, VI)

I[st]

Jowin Jijoy
Moorkanad

IInd

Alna Alex
Kodakara Forane

IIIrd

Adbel Antony
Karuvannur

IIIrd

Maria Johny
Vynthala

IIIrd

Mettilda J. Kainadath
Aloor St. Joseph

II. മരിയഗൊരേത്തി വിഭാഗം (Std. VII, VIII, IX)

I[st]

Maria Sona Antony
Alamattam

IInd

Daigi P.S.
Alamattam

IIIrd

Fredin Pazhayattil
Puthenchira East

III. വാ. കാർലോ അക്യൂട്ടീസ് വിഭാഗം (Std. X, XI, XII)

I[st] IInd IIIrd

Dency E.S.
Moorkanad

Angel Maria Joju
Kodakara Forane

Annie Maria Shaju
Nadavarambu

11. **അസംബ്ലിഗാനമത്സരം:** ദിവ്യജ്യോതി അസംബ്ലിഗാനമത്സരത്തിൽ ഏറ്റവും കൂടുതൽ Likes ഉം Views ഉം നേടിയ നടവരമ്പ് സെന്റ് മേരീസ് മതബോധന യൂണിറ്റിന് പ്രത്യേകം അഭിനന്ദനങ്ങൾ.
12. **സ്കോളർഷിപ്പ് പരീക്ഷകൾ:** സ്കോളർഷിപ്പ് പരീക്ഷകൾ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.

ഫാ. റിജോയ് പഴയാറ്റിൽ
ഡയറക്ടർ

പാക്സ്

1. **2021 മാർച്ച് മാസത്തെ പ്രീകാന കോഴ്സുകൾ**

8 & 9	-	Pre Cana
15 & 16	-	Pre Cana
22 & 23	-	Pre Cana

ഫാ. ജോജി പാലമറ്റത്ത്
ഡയറക്ടർ

അഭിനന്ദനങ്ങൾ...

കേരള ലേബർ മൂവ്മെന്റ് (KLM) സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട **ശ്രീ. ജോസ് മാത്യു ഊക്കന്** അഭിനന്ദനങ്ങൾ. ശ്രീ. ജോസ് മാത്യു നിലവിൽ KLM ഇരിങ്ങാലക്കുട രൂപത പ്രസിഡന്റാണ്.

ബ്ലസ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 1558 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ എട്ട് കോടി നാൽപത് ലക്ഷത്തി എൺപതിനായിരത്തി എഴുന്നൂറ്റി അമ്പത്തിമൂന്ന് (8,40,80,753) രൂപ നൽകി.

2. ബ്ലസ്സ് എ ഹോമിലേയക്ക് സംഭാവന നൽകിയവർ

1.	അശ്വിൻ ജിജി മാമ്പിളി, ഇരിങ്ങാലക്കുട	1,00,000
2.	സെന്റ് ജോർജ്ജ് യു. പി. സ്കൂൾ, കരാഞ്ചിറ	5,000
3.	ജോൺ ഫ്രാൻസീസ് കണ്ടംകുളത്തി, ഇരിങ്ങാലക്കുട	10,000
4.	സെന്റ് മേരീസ് ജി. എച്ച്. എസ്., കുഴിക്കാട്ടുശ്ശേരി	5,000
5.	ജോമോൻ ജോർജ്ജ് പൊഴോലിപറമ്പിൽ, കല്ലംകുന്ന്	10,000
6.	ഉദയ പ്രോവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട	10,000
7.	വർഗ്ഗീസ് കെ. ഒ. കരിപ്പായി, കുറ്റിക്കാട്	10,000
8.	ഫ്രാൻസിസ്കൻ കൺവെഞ്ചൽസ്, പാദുവ ആശ്രമം, തൂമ്പൂർ	5,000
9.	രേഷ്മ ദീപക് എടാട്ടുകാരൻ, മാള	15,000
10.	സെന്റ് പയസ് ടെൻത് എഫ്.സി. കോൺവെന്റ്, കരാഞ്ചിറ	10,000
11.	സേക്രഡ് ഹാർട്ട് കോൺവെന്റ്, പുത്തൻചിറ	5,000
12.	ഹെഡ്മിസ്ട്രസ് സെ.ജോസഫ് ജി.എച്ച്.എസ്., കരുവന്നൂർ	5,000
13.	റവ. ഫാ. സുപ്പീരീയർ, കാർമ്മൽഭവൻ, ചാലക്കുടി	5,000
14.	റവ. ഫാ. സുപ്പീരീയർ, ഡോൺബോസ്കോ, ഇരിങ്ങാലക്കുട	5,000
15.	പ്രിൻസിപ്പാൾ, സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട	10,000
16.	റവ. ഫാ. സുപ്പീരിയർ, വിൻസെൻഷ്യൻ ഹൗസ്, പോട്ട	25,000
17.	എ. ജെ. ജോസ് അരിക്കാട്ട്, ആളൂർ	1,00,000
18.	ജോയ് ആലൂക്കാസ്, തൃശ്ശൂർ	20,000
19.	ലില്ലി പോൾ, അവിട്ടത്തൂർ	6,000
20.	റ്റി. ഐ. ജോസഫ് തണ്ട്യേക്കൽ, വല്ലക്കുന്ന്	50,000
21.	പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ	20,000
22.	ആന്റണി എൽ. തൊമ്മാന, ഇരിങ്ങാലക്കുട	25,000
23.	റവ. സി. സുപ്പീരിയർ അസിസ്സീഭവൻ എഫ്.സി. കോൺവെന്റ്, കരാഞ്ചിറ	5,000
	ആകെ	**6,82,770**

ഫാ. സീജോ ഇരിമ്പൻ
ഡയറക്ടർ

1. **നവജീവൻ പദ്ധതി (Disaster Risk Reduction)**
   'നവജീവൻ പദ്ധതി'യുടെ Disaster Risk Reductionന്റെ ജനുവരി 20നു നടന്ന റിവ്യൂ മീറ്റിംഗിൽ കോ-ഓർഡിനേറ്റർ പങ്കെടുത്തു.
2. **മെഡി ക്ലെയിം ഇൻഷ്വറൻസ്**
   മെഡി ക്ലെയിം ഇൻഷ്വറൻസ് വഴി 7 പോളിസി ഉടമകൾക്ക് 1,58,931/- രൂപ വിതരണം ചെയ്തു.
3. **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി**
   ആശാകിരണം കാൻസർ കെയർ സുരക്ഷാ യജ്ഞം പദ്ധതിയുടെ ഭാഗമായി ജനുവരി 21നു നടന്ന റിവ്യൂ മീറ്റിംഗിൽ കോ-ഓർഡിനേറ്റർ പങ്കെടുത്തു.
4. **എൽ. ഐ. സി. ജീവൻ മധുർ ഇൻഷ്വറൻസ്**
   എൽ. ഐ. സി. ജീവൻ മധുർ ഇൻഷ്വറൻസ് വഴി 9 പോളിസി ഉട മകൾക്ക് 1,35,786/- രൂപ വിതരണം ചെയ്തു.
5. **സേവ് എ ഫാമിലി പദ്ധതി**
   സേവ് എ ഫാമിലിയിലെ 30 ഗുണഭോക്താക്കൾക്ക് 3,87,103/- രൂപ വിതരണം ചെയ്തു.
6. **ജെ.എൽ.ജി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ**
   കാർഷിക ലോൺ: സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വനിതാ സംരംഭമായ 'ഗ്രാമശ്രീ'യിലെ സ്വാശ്രയ സംഘങ്ങളിൽപ്പെട്ട 102 ജെ. എൽ. ജി. കൾക്ക് മൂന്നു കോടി ആറു ലക്ഷം രൂപയുടെ കാർഷിക വായ്പ ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചു.
7. **സാഫല്യം ഭവന പദ്ധതി**
   സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ഇരിങ്ങാല ക്കുട രൂപതയിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമിച്ചു നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. 7 ഭവനങ്ങൾ പണി തീർക്കുന്നതിനുള്ള സ്ഥലം അനുവദിച്ചു നൽകി.
8. **സ്പെഷ്യൽ സ്കൂൾസ്**
   - കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിലും , കൊറ്റനെല്ലൂർ ആശാനിലയം സ്പെഷ്യൽ സ്കൂളിലും ഓൺലൈനായി ക്ലാസ്സുകൾ നടന്നുവരുന്നു.
   - റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മത്സരങ്ങളിൽ ആശാനിലയം സ്പെഷ്യൽ സ്കൂളിൽനിന്നും കുട്ടികൾ പങ്കെടുക്കു കയും സമ്മാനങ്ങൾ നേടുകയും ചെയ്തു.
   - SCERT നേതൃത്വത്തിൽ സംഘടിപ്പിച്ച ഓൺലൈൻ പരിശീലന ക്ലാസ്സിൽ ജീവനക്കാർ പങ്കെടുത്തു.

9. സോളാർ വാട്ടർ ഹീറ്റർ പദ്ധതി

സോഷ്യൽ ആക്ഷൻ ഫോറവും അങ്കമാലി അന്ത്യോദയയും റൈസൻ എനർജി സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി നടപ്പിലാക്കിവരുന്ന സോളാർ വാട്ടർ ഹീറ്റർ പദ്ധതിയിൽ 100, 150, 200, 300, 500 ലിറ്റർ തുടങ്ങി വിവിധ തരത്തിലുള്ള സോളാർ വാട്ടർ ഹീറ്റർ ക്വാളിറ്റി മോഡലുകൾ മിതമായ നിരക്കിൽ നല്കിവരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480-2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

10. മിത്ര കളക്ഷൻ പദ്ധതി

ബ്രാന്റഡ് കമ്പനികൾ നിർമിച്ച നിത്യോപയോഗ ഉപകരണങ്ങൾ, എയർ കണ്ടീഷണർ, ഇൻവർട്ടർ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനുള്ള അവസരം ഒരുക്കിയിരിക്കുന്നു. V Guard ഇൻവർട്ടറുകൾ തവണ വ്യവസ്ഥയിൽ ഇടവക പള്ളികൾ വഴി സ്വന്തമാക്കാൻ അവസരം ഒരുക്കിയിരിക്കുന്നു. ഇതിൽ പങ്കാളികളാകുന്നതിലൂടെ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ നിങ്ങളും പങ്കുചേരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480 - 2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

ഫാ. വർഗീസ് കോന്തുരുത്തി
ഡയറക്ടർ

2021-2023 ബാച്ച് അഡ്മിഷൻ
ജീസസ് ട്രെയ്നിംഗ് കോളേജ്, മാള

2021-2023 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ ബാച്ചിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0480 2891245

ഫാ. ഡോ. സണ്ണി പുളിച്ചമാക്കതൊട്ടിയിൽ
പ്രിൻസിപ്പാൾ

മോൺ. ലാസർ കുറ്റിക്കാടൻ
മാനേജർ

ഫാ. ബിനോയ് കോഴിപ്പാട്ട്
എക്സി. ഡയറക്ടർ

1. പുതിയ സ്പിരിചൽ അസിസ്റ്റന്റുമാർ: ഇരിങ്ങാലക്കുട രൂപത എസ്. എഫ്. ഒ. യുടെ പുതിയ ഡയറക്ടറും മാള റീജിയൻ സ്പിരിചൽ അസിസ്റ്റന്റുമായി റവ. ഫാ. ജോസ് പീറ്റർ പോന്നോർ കപ്പൂച്ചിനും, ചാലക്കുടി സ്പിരിചൽ അസിസ്റ്റന്റായി റവ. ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ കപ്പൂച്ചിനും, ഇരിങ്ങാലക്കുട റീജിയൻ സ്പിരിചൽ അസിസ്റ്റന്റായി റവ. ഫാ. ഷിന്റോ ഞർളേലി കപ്പൂച്ചിനും 2020 ഒക്ടോബർ 27ന് ചുമതലയേറ്റു.

2. എപ്പാർക്കിയൽ കൗൺസിൽ-നിർവ്വാഹക സമിതി യോഗങ്ങൾ: 2020 നവംബർ 15, ഡിസംബർ 20 എന്നീ ദിവസങ്ങളിൽ രണ്ടു എപ്പാർക്കിയൽ കൗൺസിൽ യോഗങ്ങൾ നേരിട്ടും, 2020 നവംബർ 1, 2021 ജനുവരി 9 എന്നീ ദിവസങ്ങളിൽ രണ്ടു നിർവ്വാഹക സമിതി യോഗങ്ങൾ ഗൂഗിൾ പ്രോഗ്രാമിലൂടെയും നടത്തപ്പെട്ടു. സുപ്രധാനമായ തീരുമാനങ്ങൾ:

1. കോവിഡ് പശ്ചാത്തലത്തിൽ പരസ്പരം ബന്ധപ്പെടുവാനായി രൂപതാ കൗൺസിൽ തലത്തിലും റീജിയൻ തലത്തിലും യൂണിറ്റ് തലത്തിലും വാട്ട്സാപ്പ് ഗ്രൂപ്പുകളുണ്ടാക്കുവാനുള്ള തീരുമാനിച്ചു.
2. 15 വർഷത്തോളം ഇരിങ്ങാലക്കുട രൂപത SFOയെ വിവിധ തലങ്ങളിൽ നയിച്ച് 2020 നവംബർ 17ന് മരണമടഞ്ഞ റവ. സി. ഫ്ളോറൻസിന്റെ ബഹുമാനാർത്ഥം അനുസ്മരണദിനം നടത്താൻ തീരുമാനമെടുത്തു.
3. രൂപതയിലെ 3 റീജിയൻ കേന്ദ്രങ്ങളിൽ ജനുവരി 12 ന് നടത്താനിരുന്ന കർഷക ഐക്യദാർഢ്യ ഉപവാസയജ്ഞത്തിൽ SFO യുടെ പ്രാതിനിധ്യവും ആവശ്യമായ സാമ്പത്തിക സഹായവും നൽകാമെന്ന് തീരുമാനിച്ചു.

3. ഫ്രാൻസിസ്കൻ ഫാമിലി ഗ്രൂപ്പ്: Franciscan Family Group (FFG) എന്ന പേരിൽ ഗൂഗിൾ ഗ്രൂപ്പുണ്ടാക്കാനുള്ള പരിശ്രമം 2020 നവംബർ 29ന് ആരംഭിച്ചു. SFO അംഗങ്ങളായിട്ടുള്ള ദമ്പതികളുടെ ഒരു കൂട്ടായ്മയായി രൂപീകരിച്ച് നിയമാവലി ചർച്ചാക്ലാസ് പ്രതിവാരമായി നടത്തുക എന്നതായിരുന്നു ലക്ഷ്യം. FFG 1, FFG 2 എന്ന രണ്ടുസമൂഹങ്ങൾ രൂപീകൃതമായി. ഓരോന്നിലും 7 ജോഡി ദമ്പതികളാണുണ്ടായിരുന്നത്. FFG 1 എന്ന സമൂഹം ഡിസംബർ 6നും, FFG 2 എന്ന സമൂഹം ഡിസംബർ 12നും ആദ്യമായി ഗൂഗിൾ വഴി സമ്മേളിച്ചു.

4. റവ. സി. ഫ്ളോറൻസ് അനുസ്മരണദിനം: 2021 ജനുവരി 20ന് റവ. സി. ഫ്ളോറൻസിന്റെ അനുസ്മരണാർത്ഥം, ചാലക്കുടി സേക്രഡ് ഹാർട്ട് കോൺവെന്റിൽവച്ച് വി. കുർബ്ബാനയും ഒപ്പീസും നടത്തി. രൂപത

ഡയക്ടർ റവ. ഫാ. ജോസ് പോന്നോർ കപ്പൂച്ചിൻ, സ്പിരിചലൽ അസിസ്റ്റന്റുമാരായ റവ. ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ കപ്പൂച്ചിൻ, റവ. ഫാ. ഷിന്റോ ഞർളേലി കപ്പൂച്ചിൻ എന്നിവർ നേതൃത്വം നൽകി.

5. പുതിയ ആനിമേറ്റർ: റവ. സി. ഫ്ളോറൻസിന്റെ അനുസ്മരണ ബലിക്കുശേഷം, പ്രസിഡണ്ട് കെ. പി. ജോസിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഫ്രാൻസിസ്കൻ കൂട്ടായ്മയിൽവച്ച് രൂപത SFO യുടെ പുതിയ ആനിമേറ്ററായി റവ. സി. റാണി ഗ്രെയ്സിനെ നിയമിച്ചതായി എഫ്.സി.സി. വൈസ് പ്രൊവിൻഷ്യൽ റവ. സി. വിനയ എഫ്.സി.സി. അറിയിക്കുകയുണ്ടായി. SFO യ്ക്കുവേണ്ടി വൈസ് പ്രസിഡണ്ട് ലൂസി ആന്റണി പൂച്ചെണ്ട് നൽകി സിസ്റ്ററിനെ സസ്നേഹം സ്വീകരിച്ചു.

6. പഴൂക്കര ഭ്രാതൃത്വം: ജനുവരി 10ന് സമ്മേളിച്ച ഭ്രാതൃത്വത്തിന്റെ പൊതുയോഗത്തിൽവച്ച് താഴെക്കാണുന്ന തെരഞ്ഞെടുപ്പുകൾ നടന്നു. മാള റീജിയൻ മിനിസ്റ്ററായി ഭാരവാഹിത്വമുള്ള സഹോദരൻ ഷാജു ജോണി ലോക്കൽ ഭ്രാതൃത്വത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് മാറി, തൽസ്ഥാനത്തേയ്ക്ക് സഹോദരൻ ബാബു കെ. ആർ. ഉം ഫോർമേറ്ററായിരുന്ന ബാബുവിനു പകരം സഹോദരി സീന ലിൻസനും തെരഞ്ഞെടുക്കപ്പെട്ടു. യോഗത്തിൽ പഴൂക്കര പള്ളി വികാരി റവ. ഫാ. ആന്റോ ജി. ആലപ്പാട്ടും രൂപത ഡയറക്ടർ റവ. ഫാ. ജോസ് പോന്നോർ കപ്പൂച്ചിനും സന്നിഹിതരായിരുന്നു.

ഫാ. ജോസ് പീറ്റർ പോന്നോർ OFM. Cap.
ഡയറക്ടർ

ബൈബിൾ അപ്പസ്തോലേറ്റ്

1. ലോഗോസ് ക്വിസ് പരീക്ഷ സെപ്തംബർ 26ന്: ലോഗോസ് ക്വിസ് മാനേജിംഗ് കൗൺസിൽ തീരുമാനപ്രകാരം 2021 സെപ്തംബർ 26-ാം തിയ്യതി ഞായറാഴ്ച നടത്തുന്നതായിരിക്കും. ഈ പരീക്ഷയ്ക്ക് 2020-ലെ പഠനഭാഗം തന്നെയായിരിക്കും.

2. ഈ വർഷത്തെ പഠനഭാഗം:

നിയമാവർത്തനം 22-34;	പ്രഭാഷകൻ 18-22;
മർക്കോസ് 1-8;	1 കൊറിന്തോസ് 1-8.

3. രജിസ്ട്രേഷൻ: ഇതുവരെ ചെയ്ത രജിസ്ട്രേഷനോടൊപ്പം പുതിയ പേരുകൾ **ജൂൺ - ജൂലൈ** വരെ മാസങ്ങളിൽ ചേർക്കാവുന്നതാണ്. രൂപത ഓഫീസിലുള്ള രജിസ്ട്രേഷൻ ജൂലൈ 1 മുതൽ 31 വരെയായിരിക്കും.

ഫാ. ജോജു കോക്കാട്ട്
ഡയറക്ടർ

സ്പിരിച്വാലിറ്റി സെന്റർ

1. **ആരാധന:** തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വി. കുർബ്ബാന. രാവിലെ 9.30 മുതൽ വൈകീട്ട് 5 വരെ നിത്യാരാധന ഉണ്ടായിരിക്കും.
2. **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും:** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് ഒരുമണിവരെ. വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തുന്നു.
3. **പ്രേഷിത കൂട്ടായ്മ:** മാർച്ച് 11-ാം തിയ്യതി
4. **ജെറിക്കോ പ്രാർത്ഥന:** മാർച്ച് 13-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബ്ബാനയ്ക്കുശേഷം ആയിരിക്കും.
5. **പ്രാർത്ഥനാനിയോഗങ്ങൾ:** ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

1. Rev. Fr. Francis Chirayath
2. Rev. Fr. Sebastian Maliekal
3. Rev. Fr. Sebastian Vazhappilly
4. Rev. Fr. Sebastian Arikat
5. Rev. Fr. Paul Elamkunnapuzha
6. Rev. Fr. Sebastian Ezhekadan
7. Sunday
8. Rev. Fr. Varghese O. Vazhappilly
9. Rev. Fr. Vincent Chalissery
10. Rev. Fr. George Managalan
11. Rev. Fr. Davis Ambooken
12. Rev. Fr.Anto Parekadan
13. Rev. Fr. George Palamattom
14. Sunday
15. Rev. Fr. Varghese Vadakkepeedika
16. Rev. Fr. Varghese Aricatt (Sr.)
17. Rev. Fr. Anto Thachil
18. Rev. Fr. Jose Panthallookaran
19. Rev. Fr. Pius Cherappanath
20. Rev. Fr. Paul A. Ambooken
21. Sunday
22. Rev. Msgr. Jose Manjaly
23. Rev. Fr. Joy Kadambat
24. Rev. Fr. Francis Kodiyan
25. Rev. Fr. Antony Parambeth
26. Rev. Fr. Thomas Koottala
27. Rev. Fr. Johnson Manadan
28. Sunday
29. Rev. Fr. Vincent Chembakassery
30. Rev. Fr. Varghese Chalissery
31. Rev. Fr. Raphael Puthenveetil

ഫാ. ജിജി കുന്നേൽ
വൈസ് റെക്ടർ

1. ഇരിങ്ങാലക്കുട കെ.സി.എസ്.എൽ.ന്റെ നേതൃത്വത്തിൽ 50 നോമ്പിനോടനുബന്ധിച്ച് സുവിശേഷങ്ങളിലൂടെ ഒരു തീർത്ഥയാത്ര KCSL ഓൺലൈൻ ബൈബിൾ ക്വിസ് സംഘടിപ്പിച്ചിരിക്കുന്നു. 1200ൽ അധികം മത്സരാർത്ഥികൾ ഓരോ ദിവസവും ഇതിൽ പങ്കെടുക്കുന്നു. 50 ദിവസവും ശരിയുത്തരം അയച്ചവരിൽ നിന്നും 1, 2, 3 സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നു.

First prize	-	₹ 2001
Second prize	-	₹ 1501
Third prize	-	₹ 1001

LP, UP, HS, HSS, Teachers എന്നീ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.
കൂടാതെ ഓരോ ആഴ്ചയിലും

First prize	-	₹ 301
Second prize	-	₹ 201
Third prize	-	₹ 101

LP, UP,HS,HSS, Teachers എന്നീ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 3 പേർക്ക് പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

2. കെ.സി.എസ്.എൽ. ന്റെ നേതൃത്വത്തിൽ വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ 'നോമ്പുകാലം നാഥനോടൊപ്പം' എന്ന പരിപാടി ഗുഡ്നെസ് ചാനലിൽ ഫെബ്രുവരി 15 മുതൽ ഏപ്രിൽ 4 വരെ രാവിലെ 5.55നും വൈകീട്ട് 6.55നും സംപ്രേക്ഷണം ചെയ്തു വരുന്നു.

ഫാ. ജോജോ തൊടുപറമ്പിൽ
ഡയറക്ടർ



സ്മരണാഞ്ജലി

റവ. മോൺ പോൾ ചിറ്റിലപ്പിള്ളി	12.03.1981
റവ. ഫാ. ജോൺ വാഴപ്പിള്ളി	25.03.1995
റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളി	31.03.2017

1. **ബെനഫാക്ടേഴ്സ് ദിനം**
അവാർഡിന്റെ അഭ്യുദയകാംക്ഷികളായ ഏവർക്കും വേണ്ടി ബെനഫാക്ടേഴ്സ് ദിനമായി 2021 ജനുവരി 1-ാം തീയതി ആചരിച്ചു. പ്രസ്തുത ദിനത്തിൽ അവാർഡ് സ്റ്റാഫ് അംഗങ്ങൾക്കായി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മനോജ് കരിപ്പായി സാമൂഹിക പ്രവർത്തനം എങ്ങനെ പ്രാവർത്തികമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

2. **ആടുഗ്രാമം പദ്ധതി**
നബാർഡിന്റെയും ബാങ്ക് ഓഫ് ഇന്ത്യയുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ആടുഗ്രാമം പദ്ധതി ആയിരം കർഷകരിലേയ്ക്ക് എത്തിയതിന്റെ ഉദ്ഘാടനം ഫെബ്രുവരി 12-ാം തിയ്യതി അവാർഡ് ഭവനിൽ വച്ച് നടത്തപ്പെട്ടു. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മനോജ് കരിപ്പായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചാലക്കുടി നഗരസഭ ചെയർമാൻ ശ്രീ. വി.ഒ. പൈലപ്പൻ ഉദ്ഘാടനം ചെയ്തു. കഠിനാദ്ധ്വാനവും പരിശ്രമവുമാണ് കർഷകരെ ഉയരങ്ങൾ കീഴടക്കാൻ ശക്തരാക്കുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിലൂടെ നഗരസഭാദ്ധ്യക്ഷൻ ഓർമ്മപ്പെടുത്തി. നബാർഡ് ജില്ലാ വികസന മാനേജർ ശ്രീമതി ദീപ എസ്. പിള്ള മുഖ്യ പ്രഭാഷണവും, ബാങ്ക് ഓഫ് ഇന്ത്യ തൃശ്ശൂർ CPCയിൽ നിന്നുള്ള ശ്രീ. എസ്. എസ്. ആഷിഷ്, ശ്രീമതി സരിത കുണ്ടുകുളം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. നാളിതുവരെ നബാർഡ്, ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെ വിവിധ വരുമാന വർദ്ധിത പരിപാടികളായ ആടുഗ്രാമം പദ്ധതി, സ്വയംസഹായ സംഘങ്ങൾ (JLG) എന്നിവ വഴി 10 കോടിരൂപയുടെ കാർഷിക വായ്പ്പകൾ വിതരണം ചെയ്യുവാൻ അവാർഡിന് വേണ്ട സഹായ സഹകരണം നൽകിയ നബാർഡ് ജില്ലാ വികസന മാനേജർ (DDM) ശ്രീമതി ദീപ എസ്. പിള്ളയ്ക്ക് നന്ദിയർപ്പിച്ച് കൊണ്ട് അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മനോജ് കരിപ്പായി മൈമന്റോ നൽകി ആദരിച്ചു. അവാർഡ് സെക്രട്ടറി റവ. ഫാ. ജോബി മേനോത്ത് സ്വാഗതവും, കോ ഓർഡിനേറ്റർ ശ്രീ. അഭിലാഷ് പി. വി. നന്ദിയും പ്രകാശിപ്പിച്ചു.

3. **ആടുവളർത്തൽ പരിശീലന ക്ലാസ്സ്**
ആടുവളർത്തിലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കായി അവാർഡിൽവച്ചും, ഇഞ്ചകുണ്ട് സെന്റ് ആൻസ് നേഴ്സറി സ്കൂളിൽവച്ചും പരിശീലന ക്ലാസ് സംഘടിപ്പിച്ചു. തൃശ്ശൂർ വെറ്റിനറി കോളേജിലെ ഡോ. ദീപക് മാത്യു, ഡോ. ജിത്തു ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

4. സൊസൈറ്റി ജനറൽ ബോഡി യോഗം

മറ്റത്തൂർ പഞ്ചായത്തിലെ അനശ്വര സൊസൈറ്റിയുടെ വാർഷിക പൊതു യോഗം 13.02.2021ൽ അവാർഡ് സെക്രട്ടറി റവ. ഫാ. ജോബി മേനോത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു സംസാരിച്ചു. കോ-ഓർഡിനേറ്റർ റവ. സി. നവീൻ പോൾ സി. എച്ച്. എഫ്. പരിപാടികൾക്ക് നേതൃത്വം നൽകുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

5. കൗൺസിലിംഗ്

അവാർഡ് ഭവനിലെ ഫാമിലി കൗൺസിലിംഗ് സെന്ററിലും, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിലും കോവിഡ്19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൗൺസിലിംഗ് നടത്തിവരുന്നു.

❖ ക്യാൻസർ ബോധവത്കരണ ക്ലാസ്: ചാലക്കുടി സേക്രട്ട്ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനികൾക്കായി ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 4 ന് ഓൺലൈനായി ബോധവത്ക്കരണ ക്ലാസ് നടത്തപ്പെട്ടു. ശ്രീമതി മീന പയസ്സ്, റവ. സി. ജോഫി ജീസ് എന്നിവർ ക്ലാസ്സ് നയിച്ചു. 74 വിദ്യാർത്ഥിനികൾ പ്രസ്തുത ക്ലാസിൽ പങ്കെടുത്തു.

❖ ലീഗൽ സർവ്വീസിനെകുറിച്ച്, അവാർഡ് ലീഗൽ കൗൺസിലർ, അഡ്വ. ഷാന്റി ബെന്നിയും, ഫാമിലി കൗൺസിലിംഗ് സർവ്വീസിനെകുറിച്ച് ശ്രീമതി ലീന ചെറിയാനും ക്ലാസ്സുകൾ നയിച്ചു.

❖ ദേശീയ ബാലികാ ദിനത്തോടനുബന്ധിച്ച് ജനുവരി 20ന് ചിത്രരചനാ മത്സരവും, പെയിന്റിംഗ് മത്സരവും നടത്തി വിജയികളായവർക്ക് അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മനോജ് കരിപ്പായി സമ്മാനകൂപ്പണുകൾ നൽകി.

6. ഇൻഷ്വറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ചാലക്കുടി ബ്രാഞ്ചിൽ തുടർച്ചയായി 4-ാം പ്രാവശ്യം ബിസിനസ്സിൽ ബെസ്റ്റ് പെർഫോമർ ഏജൻസിയായി അവാർഡിനെ തെരെഞ്ഞെടുത്തു.

ഫാ. മനോജ് കരിപ്പായി
ഡറയക്ടർ

പ്രത്യേക ശ്രദ്ധയ്ക്ക്

കഴിഞ്ഞ വർഷത്തെ (2020) ബുള്ളറ്റിനുകൾ ഒന്നിച്ച് ബൈന്റ് ചെയ്യുന്നതിന് ഏപ്രിൽ-മെയ്-ജൂൺ മാസങ്ങളിലെ ബുള്ളറ്റിന്റെ പ്രിന്റഡ് കോപ്പികൾ ബിഷപ്സ് ഹൗസിൽ ലഭ്യമാണ്. കുറച്ചു കോപ്പികൾ മാത്രമേയുള്ളൂ എന്നതിനാൽ പള്ളികളിലേക്കും, കുരിശുപള്ളികളിലേക്കും, സ്ഥാപനങ്ങളിലേക്കും മാത്രമേ നൽകുകയുള്ളൂ എന്നറിയിക്കുന്നു. എത്രയുംവേഗം ബുള്ളറ്റിൻ കോപ്പികൾ വാങ്ങിച്ചുകൊണ്ടുപോകുന്നതിന് ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും ശ്രദ്ധിക്കുമല്ലോ.

2021 ജനുവരി

21 06.30 am വെളയനാട് പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

07.00 pm ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പിതാവുമായി കൂടികാഴ്ച നടത്തി.

22 03.30 pm പുത്തൻചിറയിൽ ബഹു. ജോസ് വെതമറ്റിലച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു

23 07.00 am പുത്തൻചിറ, പാദുവ ഫ്രാൻസിസ്കൻ കൺവെൻഞ്ചൽസ് ആശ്രമത്തിൽ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

24 07.00 am ശാന്തിസദനിൽ ദിവ്യബലിയർപ്പിച്ചു.

12.05 pm കാക്കുളിശ്ശേരി പള്ളിയിൽ വിവാഹം ആശീർവദിച്ചു.

03.00 pm ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു.

05.00 pm കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വിവാഹം ആശീർവദിച്ചു.

25 07.00 pm മൂന്നുമുറി പള്ളിയിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച ജനപ്രതിനിധികളെ ആദരിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

26 07.00 am പാറേക്കാട്ടുക്കര പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

11.00 am ഇരിങ്ങാലക്കുട, ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി കുർബ്ബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 11.00 am അർത്തുങ്കൽ ബസലിക്ക പള്ളിയിൽ തിരുനാൾ കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06.30 pm രൂപത ഭവനത്തിൽവച്ച് നടന്ന ഇരിങ്ങാലക്കുട മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ വിജയിച്ച ജനപ്രതിനിധികളെ ആദരിക്കുന്ന സംഗമത്തിൽ പങ്കുചേന്ന് ആശംസകൾ അർപ്പിച്ചു.

28 06.30 am ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ കുർബ്ബാനയർപ്പിച്ചു.

10.30 am ഇരിങ്ങാലക്കുട, സെന്റ് ജോസഫ് കോളേജ് വാർഷികാഘോഷത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.

04.00 pm കുറ്റിക്കാട്, സ്കൂൾ വാർഷികത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

29 10.30 am കോട്ടക്കൽ, സി.എം.ഐ. ആശ്രമത്തിൽ ദൈവദാസൻ കനീസിയൂസച്ചന്റെ അനുസ്മരണ ബലിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

03.30 pm പുത്തൻചിറ, ബഹു. ബെന്നി കരുമാലിക്കലച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

05.00 pm ആളൂർ പ്രസാദവരനാഥ പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും സക്രാരിയും ബേമ്മയും വെഞ്ചിരിക്കുകയും ചെയ്തു.

30 06.30 am മുനിപ്പാറ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

11.30 am മാള ഫൊറോന പള്ളിയിൽ വിവാഹം ആശീർവദിച്ചു.

04.00 pm കുഴിക്കാട്ടുശ്ശേരി, മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ മീറ്റിംഗിൽ പങ്കെടുത്തു.

31 06.30 am ഇരിങ്ങാലക്കുട, ഡോൺ ബോസ്കോ ആശ്രമത്തിൽ തിരുനാൾ കുർബ്ബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

2021 ഫെബ്രുവരി

01 06.30 am വടക്കുംകര പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

10.30 am കൺസൾട്ടേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

11.00 am ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

04.45 pm ഈസ്റ്റ് പുത്തൻചിറ, സേക്രഡ് ഹാർട്ട് കോൺവെന്റിൽ റവ. സി. സെർവിയ സി.എച്ച്.എഫ്.ന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

02 07.30 am കല്ലേറ്റുംകര, പാക്സിൽ പ്രീകാനക്കെത്തിയവർക്കായി വി. കുർബ്ബാനയർപ്പിച്ചു.

03 06.45 am ഇരിങ്ങാലക്കുട, സെന്റ് പോൾസ് മൈനർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു.

10.30 am കരുവന്നൂർ, സൂകൂൾ വാർഷികത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

02.30 pm പൊയ്യ, സ്കൂൾ വാർഷികത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

06.00 pm അഷ്ടമിച്ചിറ, ജോൺ പോൾ ഭവനത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

4 07.15 am ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

10.00 am ഇരിങ്ങാലക്കുട, സ്പിരിച്ചാലിറ്റി സെന്ററിൽ ഫൊറോന തല മാസധ്യാനത്തിൽ പങ്കുചേർന്നു.

02.30 pm ഇരിങ്ങാലക്കുട, കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ വിരമിക്കുന്ന അദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

	07.30	pm	ചാലക്കുടിയിൽ റവ. സി. റോസ് സി.എച്ച്.എഫ്. ന്റെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.
05	03.00	pm	മാള, ബി. എഡ്. കോളേജ് ഗവേണിങ്ങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.
	05.30	pm	നടവരമ്പ് പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചു.
	07.00	pm	രൂപതാഭവനത്തിൽ നടന്ന പ്രോ ലൈഫ് മീറ്റിംഗിൽ പങ്കെടുത്തു.
06	06.30	am	ആനന്ദപുരം പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
	10.30	am	കരാഞ്ചിറ, സെന്റ് പയസ് കോൺവെന്റിൽ എഫ്. സി. സി. സിസ്റ്റഴ്സിന്റെ സുവർണ്ണജൂബിലി കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.
	01.00	pm	തൃശൂർ, പൂങ്കുന്നം ഇടവകയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
	06.30	pm	ചാലക്കുടി, കാർമ്മൽ ഭവനിൽ ബഹു. ജോൺ എടപ്പിള്ളിയച്ചന്റെ ജൂബിലിയാഘോഷത്തിൽ ഉദ്ഘാടന പ്രസംഗം നടത്തി.
07	08.00	am	പുത്തൻവേലിക്കര സെന്റ് ജോർജ്ജ് പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
	02.30	pm	ചങ്ങനാശ്ശേരി, തത്തംപിള്ളി പള്ളിയിൽ വിവാഹം ആശീർവദിച്ചു.
08	10.30	am	തുരുത്തിപറമ്പ് പള്ളിയിൽ വിവാഹം ആശീർവദിച്ചു.
	02.30	pm	പുല്ലൂറ്റ്, ലേബർ എൽ. പി. സ്കൂളിൽ വാർഷികാഘോഷത്തിൽ ഉദ്ഘാടന പ്രസംഗം നടത്തി.
	05.00	pm	ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
09	7.00	am	തെക്കൻ താണിശ്ശേരി പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
	05.15	pm	പുറത്തിങ്കൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
10	08.45	am	പോട്ട ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വി. കുർബ്ബാന അർപ്പിച്ചു.
	11.00	am	ഇരിങ്ങാലക്കുട രൂപതാതിർത്തിയിലുള്ള മാധ്യമ പ്രവർത്തകരുടെ സംഗമത്തിൽ പങ്കെടുത്തു.
	03.30	pm	ഇരിങ്ങാലക്കുടയിൽ ജ്വല്ലറി വെഞ്ചിരിച്ചു.
11	05.45	am	ചാലക്കുടി, സെന്റ് ജെയിംസ് സ്കൂൾ ഓഫ് നഴ്സിങ്ങിൽ പുതിയ ചാപ്പലിന്റെ വെഞ്ചിരിപ്പ് നിർവ്വഹിച്ച് വി. കുർബ്ബാനയർപ്പിച്ചു.
	05.00	pm	ഇരിങ്ങാലക്കുട, പ്രസ്സ് ക്ലബ് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്ത് അനുസ്മരണ സന്ദേശം നൽകി.

	06.00	pm	ഓൺലൈൻ പ്രസ്ബത്തേരിയത്തിൽ പങ്കെടുത്തു.
12	02.30	pm	ഇരിങ്ങാലക്കുട, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനത്തിൽ പങ്കുചേർന്നു.
13	07.00	am	നോർത്ത് ചാലക്കുടി പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
	10.30	am	ബിഷപ്സ് ഹൗസിൽവച്ച് പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രൂപതാംഗങ്ങളായ ജനപ്രതിനിധികളെ ആദരിക്കുന്ന സമ്മേളനത്തിൽ പങ്കെടുത്ത് അഭിനന്ദനങ്ങളറിയിച്ചു.
14	07.30	am	ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ കുർബ്ബാന അർപ്പിച്ചു.
	02.15	pm	വൈന്തല, സെന്റ് തോമസ് കോൺവന്റിൽ റവ. സി. ബെർത്ത സി. എം. സി. യുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.
	03.30	pm	കനകമല പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചു.
15	06.00	am	ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ വിഭൂതി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
	10.30	am	കാരാ ഹൗസിങ്ങ് പ്രോജക്ടിന്റെ താക്കോൽദാന കർമ്മത്തിൽ പങ്കെടുത്തു.
17	06.30	am	ഇരിങ്ങാലക്കുട, ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വി. കുർബ്ബാന അർപ്പിച്ചു.
	10.30	am	ഇരിങ്ങാലക്കുട, സെന്റ് മേരീസ് സ്കൂൾ വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.
	11.45	am	കരാഞ്ചിറ, സെന്റ് പയസ് കോൺവെന്റിൽ പുതിയ കെട്ടിടത്തിന്റെ കല്ലിടൽ കർമ്മം നടത്തി.
	01.30	pm	മാള, കാർമ്മൽ കോൺവെന്റിൽ റവ. സി. ലിസ്മാസ് സി. എം. സി. യുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.
	02.30	pm	ഇരിങ്ങാലക്കുട, പ്രതീക്ഷ ഭവനിൽ വെഞ്ചിരിപ്പ് നടത്തി.
	04. 30	pm	ആളൂർ, ലൂമൻ യൂത്ത് സെന്റർ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
18	07.15	am	ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
	11.30	am	കൊരട്ടിയിൽ 'പാഥേയം' എന്ന കൂട്ടായ്മയുടെ ഭാഗമായി സൗജന്യ പൊതിച്ചോറ് വിതരണം ഉദ്ഘാടനം ചെയ്തു.
	03.00	pm	തൃശൂർ സി. എം. ഐ. പ്രൊവിൻഷ്യൽ ഹൗസിൽ ദിവംഗതനായ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ അനുസ്മരണാർത്ഥം വി. കുർബ്ബാന അർപ്പിച്ചു.
19	09.30	am	അരണാട്ടുകര, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കുചേർന്നു.
20	06.30	am	പൂവത്തിങ്കൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

WE FOSTER HEALTH

FIRST TIME IN KERALA

CEREBRAL PALSY CLINIC

Clinic working Hours

Every 2nd & 4th Saturday

09am to 11am

Now Available Here..!!!

Our Team

Dr.Binoy PS
(Hand & Micro Surgeon)

Dr.Sreejith P Krishnan
(Paediatric Orthopaedic Surgeon)

Dr.Vimal Vincent
(Paediatrician & Neonatologist

Dr.Varghese Antony Pallan
(Neurologist)

Ms Nimmy Francis
(Physiotherapist)

St. James' Hospital, Chalakudy

Ph : +91 480 2710271,571

Donate **One Rupee** Everyday
Save Life of Kidney Patients through
Free Dialysis



Our Bank Details :
A/c Name : St. James Renal Care Mission
The South Indian Bank Ltd, Chalakudy North Branch
S.B.A/c No.0552053000006498, IFSC : SIBL0000552

Annual Sub. 200/-

BULLETIN IRINJALAKUDA DIOCESE

Date of Publication : 23.02.2021
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2021-2023
Posted at R.M.S. Irinjalakuda

IRINJALAKUDA

KALPARMBU

KODAKARA

EDATHIRUTHY

KUTTIKAD

CHALAKUDY

MALA

AMBAZHAKAD

PARAPPUKARA

PUTHENCHIRA

SILCHAR MISSION

KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.